

ദൈവദാസനായ

# കുര്യാക്കോസ് ഏലിയാസച്ചൻ

(ഒരു സംക്ഷിപ്ത ജീവചരിത്രം)

വില 1 രൂപ.

ദൈവദാസനായ

# കുര്യാക്കോസ് ഏലിയാസച്ചൻ

(ഒരു സംക്ഷിപ്ത ജീവചരിത്രം)

By

**Fr. Anselm C.M.I.**

PRINTED AT THE ST. JOSEPH'S PRESS,
MANNANAM, 1981.

**Nihil Obstat.**

Fr. Gereon, C. M. I.
Fr. Cornelius, C. M. I.

**Re-imprimi potest.**

Fr. Maurus, C. M. I.
*Prior General.*

*Ernakulam,*
*13-10-1959.*

**Re-imprimatur.**

† MATHEW KAVUKATT,
Archbishop of Changanacherry.

*Changanacherry,*
*15-10-1959.*

## പ്രഖ്യാപനം

ഈ ചെറുഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെടുന്നവ പരി. സിംഹാസനത്തിൻെറ നിർണ്ണയത്തിനു പൂർണ്ണമായും വിധേയമാണെന്നു് 8-ാം ഉർബാനോസു് പാപ്പായുടെ ഡിക്രിയനുസരിച്ചു ഇതിനാൽ ഞാൻ പ്രഖ്യാപിച്ചുകൊള്ളുന്നു.

ഫാദർ ആൻസ്ലം, സി. എം. ഐ.
രചയിതാവു്.

# പ്രസ്താവന

ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ,
കേരള കത്തോലിക്കാ സുറിയാനിസഭയുടെ സന്താനങ്ങ
ളായ മഹാരഥന്മാരിൽ ഒരുവനാണ്. ഒരാളിന്റെ മാഹാ
ത്മ്യം നിർണ്ണയിക്കേണ്ടതു് അദ്ദേഹത്തിന്റെ പ്രവൃത്തിക
ളിൽനിന്ന് എന്തെല്ലാം ശാശ്വതഫലങ്ങൾ ഉണ്ടായിട്ടു
ണ്ടു് എന്നുള്ളതിൽനിന്നാണല്ലോ. കുര്യാക്കോസ് ഏലി
യാസച്ചൻ സമുദായത്തിനും രാജ്യത്തിനും എന്തു ചെയ്തിട്ടു
ണ്ടെന്നും, അവ ഇന്നു പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന വി
ശിഷ്ട ഫലങ്ങൾ ഏവയെന്നും താഴെവരുന്ന പക്ഷങ്ങളിൽ
കാണാവുന്നതാണ്. ഗതാഗത സൗകര്യങ്ങളാകട്ടെ ആളുക
ളുടെ പൊതു ധനസ്ഥിതിയാകട്ടെ ഇന്നത്തേതിൽനിന്നു
വളരെ താണപടിയിൽനിന്ന അക്കാലത്തു ദൈവദാസ
നായ കുര്യാക്കോസച്ചൻ സാധിച്ച വൻകാര്യങ്ങളുടെ എ
ണ്ണവും വണ്ണവും ആരേയും സംഭ്രമിപ്പിക്കുവാൻ മതിയാ
കുന്നതാണ്. ഈ സിദ്ധികളെല്ലാം അദ്ദേഹം നയിച്ചിരു
ന്ന നിർമ്മല ജീവിതത്തിന്റെ ഫലമാണ്. ദൈവാശ്ര
യത്തിൽ നിത്യം വർത്തിച്ചുപോരുന്ന ഒരു പുണ്യാത്മാവി
നു ഒന്നുംതന്നെ അസാദ്ധ്യമായിട്ടില്ല. ഈ പാവനചരിത
നെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള നടപ
ടികൾ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അദ്ദേഹ
ത്തിന്റെ ജീവിതവിശുദ്ധിയെപ്പററി വായനക്കാർക്കു് ഒരു

സംക്ഷിപ്തവിവരണം നൽകുക എന്നതുമാത്രമാണ് ഈ ലഘുകൃതി രചിക്കുന്നതിനു് എനിക്കു പ്രേരണ നൽകിയിട്ടുള്ളതു്. ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചന്റെ വിശുദ്ധിയെ മതിക്കുന്നതിനും അതനുകരിക്കുന്നതിനുമുള്ള പ്രചോദനവും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത തേടുന്നതിനുള്ള പ്രേരണയും അനുവാചകർക്കുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ രചയിതാവു് ഈ ലഘുകൃതി കേരളീയരുടെ മുമ്പിൽ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

Fr. Anselm, C. M. I.
Secretary,
Diocesan Historical Investigation Commission
for the Cause of Fr. Kuriackos Elias

മാന്നാനം
8-9-58.

# ദൈവദാസനായ
# കുര്യാക്കോസ് ഏലിയാസച്ചൻ

## I

### ജനനം

ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ, അന്നു ചേന്നങ്കരി ഇടവകയിൽപ്പെട്ട കൈനകരിയിൽ ചാവറ കുടുംബത്തിൽ 1805 ഫെബ്രുവരി 8-ാംനു ജാതനായി. അന്നത്തെ പതിവനുസരിച്ച് 8-ാം ദിവസം ശിശുവിനു ജ്ഞാനസ്നാനം നൽകപ്പെട്ടു. കുര്യാക്കോസ് എന്ന പേരാണ് തദവസരത്തിൽ ശിശുവിനു സിദ്ധിച്ചതു്. ഇദ്ദേഹത്തിനു ഒരു സഹോദരനും നാലു സഹോദരികളുമുണ്ടായിരുന്നു. സഹോദരൻ സന്താനമായി ഒരു പെൺകുട്ടിയെമാത്രം കണ്ടുകൊണ്ട് അകാലനിര്യാണം പ്രാപിച്ചു. കനിഷ്ഠപുത്രനായിരുന്നതുകൊണ്ടും ശിശുപ്രായത്തിൽത്തന്നെ കോമളഗാത്രനായിരുന്നതിനാലും, മാതാപിതാക്കന്മാരുടെ ഓമനമകനായിട്ടത്രേ കുര്യാക്കോസ് വളർന്നുവന്നതു്. ലാളന കൊച്ചു കുര്യാക്കോസിനെ സംബന്ധിച്ചിടത്തോളം അനർത്ഥകരമായി ഭവിച്ചില്ല. എന്നല്ല, ചെറുപ്പത്തിലെതന്നെ അവൻ ദൈവത്തിനും മനുഷ്യർക്കും സ്നേഹപാത്രമായിത്തീരുകയാണുണ്ടായതു്. ഭക്തയായ മാതാവ് മുലപ്പാലോടുകൂടിത്തന്നെ ആത്മീയ ഭക്ഷണവും കൊടുത്തു് ശിശുവിനെ വളർത്തിയതാണിതിനു കാരണം. കുഞ്ഞിനെ ദൈവമാതാവിനു് അടിമ വയ്ക്കുകയും ആ ദിവ്യമാതാവിൻെറ ഉത്തമ പുത്രനായി കുഞ്ഞുവളർന്നുവരുവാൻ ആ മഹതി യഥാശക്തി പരിശ്രമിക്കുകയും ചെയ്തു. അമ്മയിൽനിന്നു സിദ്ധിച്ച നല്ല പരിശീലനം കുഞ്ഞു കുര്യാക്കോസിൻെറ ഭാവിയെ കരുപ്പിടിക്കുന്നതിൽ പ്രധാ

ന പങ്കു വഹിച്ചു. സ്ഥായിയായ ചില ഭാവങ്ങൾ അ ദ്ദേഹത്തിൽ അതു സംജാതമാക്കുകതന്നെ ചെയ്തു. കൃത ജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടിയാണു് പില്ക്കാല ത്തു് ദൈവദാസൻ ഇതിനെ അനുസ്മരിക്കുന്നതു്. മാമ്മോ ദീസായിൽ തനിക്കു സിദ്ധിച്ച വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുന്നതിനിടയായിട്ടില്ല എന്നു് ഇദ്ദേഹം മരണ ക്കിടക്കയിൽവെച്ചു വെളിപ്പെടുത്തിയപ്പോൾ അതിനുള്ള കാരണം മാതാപിതാക്കന്മാരിൽനിന്നും ശിശുപ്രായം മുതല്ക്കേ സിദ്ധിച്ച നല്ല പരിശീലനമായിരുന്നു എന്നു് ദൈവദാസൻ എടുത്തു പറയുന്നുണ്ടു്.

## ബാല്യവും വിദ്യാഭ്യാസവും

ഇന്നത്തെ രീതിയിലുള്ള സ്കൂളുകൾ അന്നു് കേരള ത്തിലില്ലായിരുന്നു. ആശാന്മാരുടെ കീഴിലുള്ള കളരിക ളാണു് അന്നുണ്ടായിരുന്നതു്. കൊച്ചുകുര്യാക്കോസും ഇങ്ങ നെയുള്ള ഒരു കളരിയിലാണു് പ്രാഥമിക വിദ്യാഭ്യാസം നടത്തിയതു്. ഉപരിപഠനം നടത്തിയതു് ഒരു "അണ്ണാ വി" യുടെ കീഴിലാണെന്നു് ഇദ്ദേഹത്തിന്റെ "ആത്മാനു താപ" മെന്ന പദ്യകൃതിയിൽ പ്രസ്താവിക്കുന്നുണ്ടു്. സ്വ തഃസിദ്ധമായ വാഗ്‌വിലാസം ബാല്യപ്രായത്തിൽതന്നെ പ്രത്യക്ഷപ്പെട്ടിരുന്നു. വിദ്യാഭ്യാസത്തിലെന്നതിനെ ക്കാൾ സംസ്കൃതാഭ്യാസത്തിലായിരുന്നു കൂടുതൽ നിഷ്ഠ ഉണ്ടായിരുന്നതു്. ഇപ്രകാരം ജ്ഞാനം, പുണ്യം, അഗാധ ബുദ്ധിത്വം, വാക്‌ചാതുര്യം സർവ്വോപരി ജീവിതനൈ ർമ്മല്യം എന്നിവ ഒത്തിണങ്ങിയിരുന്ന ഈ ബാലൻ മററു ള്ളവരുടെ സ്നേഹബഹുമാന വാത്സല്യാദികൾക്കു് പാത്രീ ഭവിച്ചതിൽ വിസ്‌മയിപ്പാനില്ല. ഒരു വൈദികനായി ത്തീരണമെന്നായിരുന്നു ഈ കുട്ടിയുടെ ആത്മാർത്ഥമായ അഭിലാഷം. ഈ ലക്ഷ്യപ്രാപ്തിക്കായി ഉള്ളഴിഞ്ഞു പ്രാ ർത്ഥിച്ചുവരികയും ചെയ്തു. ഒരു വൈദികനായിത്തീരണ മെന്നു ഈ കുട്ടി എത്ര തീവ്രമായി ആഗ്രഹിച്ചിരുന്നു എ ന്നുള്ളതിനെ പ്രസ്പഷ്ടമാക്കുന്ന ഒരു സംഭവം പറയാം: കുർബാനയിൽ ശുശ്രൂഷിക്കണമെങ്കിൽ ഒട്ടേറെ സുറിയാ

നി ജപങ്ങളും മനഃപാഠമാക്കുക ആവശ്യമാണ്. ഭാരമുള്ള കുർബാനതക്സാ എടുത്തുപൊക്കുവാൻപോലും കായബലമില്ലാതിരുന്ന പിഞ്ചുപ്രായത്തിൽ ഈ കുട്ടി പ്രസ്തുത സുറിയാനി പ്രാർത്ഥനകളെല്ലാം മനഃപാഠമാക്കി രണ്ടു നാഴികയോളം അകലെയുള്ള ഇടവക ദേവാലയത്തിൽ പോയി ദിവ്യപൂജയിൽ സഹായിച്ചുവന്നു. ഇതേപ്പററി കഥാനായകൻതന്നെ ആത്മാനുതാപമെന്ന തൻെറ കൃതിയിൽ പ്രസ്താവിക്കുന്നുണ്ട്.

## സെമ്മിനാരിജീവിതം

കഥാനായകൻ തനിക്കു പത്തു വയസ്സുമാത്രം പ്രായമായിരിക്കെ തൻെറ ഒരു സംബന്ധികൂടെ ആയിരുന്ന പാലക്കൽ തോമ്മാമല്പാനച്ചൻെറ പ്രത്യേകാഭിലാഷമനുസരിച്ച് പള്ളിപ്പുറത്ത് സെമ്മിനാരിയിൽ പ്രവേശിച്ചു. മാതാപിതാക്കന്മാരുടെയും, ബന്ധുജനങ്ങളുടെയും എതിർപ്പുകളെ വിജയപൂർവ്വം തരണം ചെയ്യുന്നതിനു കുര്യാക്കോസിനു സാധിച്ചു. പ്രായംകൊണ്ടാണെങ്കിൽ എല്ലാവരിലും പിൻപൻ. പഠനം, പുണ്യാഭ്യാസം, ക്രമാനുഷ്ഠാനം എന്നിവയിൽ എല്ലാവരിലും മുൻപൻ. ഈ നിലകളിൽ ഈ വൈദികവിദ്യാർത്ഥി മല്പാനച്ചൻെറ മാത്രമല്ല, സഹപാഠികളുടെയും സ്നേഹഭാജനമായിത്തീൎന്നു.

സ്തുത്യർഹമായ തൻെറ സെമ്മിനാരി ജീവിതത്തിൻെറ ഒരു സംക്ഷിപ്ത വിവരണം താഴെ ചേൎക്കുന്നു: "ആ സെമ്മിനാരിയിലുണ്ടായിരുന്ന കൂട്ടരായ ശേഷം സഹോദരന്മാരൊക്കെയും സാക്ഷിക്കുന്നതുപോലെ, വിസ്മയിച്ച് ആദരിച്ച് സ്നേഹിപ്പാൻ തക്കതിൻവണ്ണം ദൈവഭക്തിയിലും, സാധുശീലത്തിലും, എളിമ, കീഴ്വഴക്കത്തിലും സഹോദരപ്രിയത്തിലും വിശേഷ മാതൃകയായി ജീവിച്ച്, മഹാ സൂക്ഷവും, കുററപ്പെടുത്തലും ശിക്ഷയുമുണ്ടായിരുന്ന പുത്തനായ ആ സെമ്മിനാരിയിൽ ഏറിയ സഹോദരന്മാരോടുകൂടി ഏറിയ കാലം ജീവിച്ചാറെയും ഒരു കുററപ്പെടുത്തലുണ്ടായതായിട്ടറിവില്ല. ഇതിനുംപുറമെ ഇദ്ദേഹത്തിൻെറ സ്വഭാവഗുണവും, ഉത്സാഹവും, ബുദ്ധിസാമർത്ഥ്യവും

നിമിത്തം സുറിയാനി മുതലായ പേച്ചുകൾ നല്ലവണ്ണം അഭ്യസിച്ചു. ഇവയൊക്കെക്കൊണ്ടും മല്പാനച്ചനു വളരെ സ്നേഹവും സമ്മതവുമായിരുന്നതിനാൽ മററു സ്ഥലങ്ങളിലും അയച്ച്, പോർത്തുഗീസ്, ലത്തീൻ എന്നീ ഭാഷകളെയും പഠിപ്പിച്ചു'' എന്നിങ്ങനെയാണ് അദ്ദേഹത്തിൻെറ സഹപ്രവർത്തകനും കേരളകർമ്മലീത്താസഭയുടെ രണ്ടാം പ്രിയോർജനറാളുമായ കുര്യാക്കോസ് എലിസേവൂസച്ചൻ (പോരൂക്കര) എഴുതിയിരിക്കുന്നത്. കഥാനായകൻെറ കുമ്പസാരക്കാരനും ആത്മഗുരുവുമായിരുന്ന ഇററാലിയൻ മിഷ്യനറി ഫാ. ലിയോപ്പോൾഡ് ഇങ്ങനെയെഴുതുന്നു: ''ഇപ്പോഴും ജീവിച്ചിരിക്കുന്ന അയാളുടെ സെമ്മിനാരിക്കൂട്ടരായ കത്തനാരച്ചന്മാർ സാക്ഷിക്കുംവണ്ണം കൊച്ചുകുര്യാക്കോസ് ദൈവഊഴിയത്തിൻെറ ലാക്കല്ലാതെ മറെറാരു ലോകവിചാരം കൂടാതെ പഠിത്വത്തിലും, ക്രമത്തിലും, ദൈവപേടിയിലും, വിശേഷ താല്പര്യമുള്ളവനായിരുന്നു. കൂട്ടരോടെല്ലാവരോടും എല്ലായ്പോഴും നല്ല ഉപവിയും സന്തോഷവുമായി ചെറുപ്രായക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും, രസക്കേടുകളും വെറുത്തിരുന്നു.''

ഈ കാലഘട്ടത്തിലാണ് ഇദ്ദേഹത്തിൻെറ മാതാപിതാക്കന്മാരും, ഏക സഹോദരനും മരണം പ്രാപിച്ചതു്. അതു് അദ്ദേഹത്തിൻെറ ആത്മാർത്ഥതയെ അളന്നു നോക്കുന്ന ഒരു സംഭവമായിരുന്നു. പിതാവിൻെറയും സഹോദരൻെറയും മരണത്തോടുകൂടി ചാവറ കുടുംബം അനാഥമായി. അവശേഷിക്കുന്ന ഏക പുത്രൻ സെമ്മിനാരിയിലുമാണ്. ഈ ഘട്ടത്തിൽ ഗൃഹഭരണത്തിനും ശെമ്മാശ്ശൻെറ സഹോദരപുത്രിയായ ശിശുവിൻെറ സംരക്ഷണത്തിനും ആളില്ലെന്നുള്ള കാരണത്താൽ ശെമ്മാശ്ശനെ അദ്ദേഹത്തിൻെറ പിതൃസഹോദരന്മാർ സെമ്മിനാരിയിൽ നിന്നും വീട്ടിൽവരുത്തി വൈദികജീവിതം ഉപേക്ഷിക്കണമെന്നു നിർബന്ധിച്ചു. പക്ഷെ ദൈവത്തിൽ മാത്രം ആശ്രയിച്ചിരുന്ന നമ്മുടെ കഥാനായകൻ ഈ വിഷമഘട്ടം തരണം ചെയ്യുകയും സെമ്മിനാരിജീവിതം നിർവിഘ്നം തുടരുകയും ചെയ്തു.

ഇങ്ങനെ ഒരു വ്യാഴവട്ടക്കാലത്തിലധികം ദീഘിച്ച സുകൃതസമ്പന്നവും മാതൃകാപരവുമായ വൈദികവിദ്യാൎത്ഥിജീവിതത്തിനുശേഷം അത്തുങ്കൽ വി. അന്ത്രയോസു ശ്ലീഹായുടെ ദേവാലയത്തിൽവച്ചു് മൌറീലിയസു് സ്റ്റബിലിനി മെത്രാനിൽനിന്നു് 1829–ൽ കുര്യാക്കോസു് ശെമ്മാശ്ശൻ തൻെറ 24–ാമത്തെ വയസ്സിൽ പൌരോഹിത്യം സ്വീകരിക്കയും തൻെറ ഇടവകപ്പള്ളിയിൽ 1829 നവംബർ 29–ാം തീയതി ആഘോഷപൂൎവ്വം നവപൂജ അപ്പിക്കുകയും ചെയ്തു.

## പുരോഹിതൻ

നവപൂജാപ്പണാനന്തരം ചേന്നങ്കരിയിലും പുളിങ്കുന്നിലും കുറച്ചുനാൾ താമസിച്ചതിനുശേഷം കുര്യാക്കോസച്ചൻ പള്ളിപ്പുറത്തേക്കു മടങ്ങി. അവിടെ പാലയ്ക്കലച്ചനെ സഹായിച്ചുകൊണ്ടു് ഒരു കൊല്ലത്തോളം താമസിച്ചു. ഇതിനിടയിൽ പള്ളികളിൽ പ്രസംഗം പറയുക, ധ്യാനയോഗങ്ങൾ നടത്തുക ആദിയായ പല പരോപകാരകൃത്യങ്ങളിലും ഏപ്പെട്ടിരുന്നു. പുളിങ്കുന്നു ഇടവകയിൽ അദ്ദേഹം നടത്തിയ ധ്യാനയോഗത്തിൻെറ ഫലം വളരെ ദീഘനാളത്തേയ്ക്കു നിലനിന്നു എന്നും അനേകം പാപികളുടെ മാനസാന്തരത്തിനു് അതു കാരണമായി എന്നും പ്രസ്തുത ഇടവകക്കാർ സാക്ഷ്യം വഹിക്കുന്നു.

## സന്യാസസഭാസ്ഥാപനം

വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ വലംകയ്യും ഇടംകയ്യുമായിത്തീന്ന പാലയ്ക്കൽ തോമ്മാച്ചനും പോരൂക്കര തോമ്മാച്ചനും മലങ്കരസഭയിൽ ആദ്ധ്യാത്മികമായ ഒരു സമൂലപരിവത്തനം ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി യഥാശക്തി പ്രയത്നിക്കയും ചെയ്തുകൊണ്ടിരുന്ന രണ്ടാത്മമിത്രങ്ങളായിരുന്നു. വിശാ

ലഹൃദയനായിരുന്ന വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മോൺ. സ്റ്റബിലീനി അവക്ക് ഉത്തമമാർഗ്ഗദർശിയും തുണയുമായി ഭവിച്ചു. ഈ ഘട്ടത്തിലാണു് കഥാനായകൻ പുരോഹിതനായി അഭിഷിക്തനായതു്. അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ വൈദികപട്ടം സ്വീകരിച്ച അവസരത്തിൽ മെത്രാനോടുകൂടി ചൊല്ലിയ ആദ്യത്തെ ദിവ്യബലി കേരളത്തിൽ ഒരു സന്യാസസഭ സ്ഥാപിതമായിത്തീരുന്നതിനു അദ്ദേഹം കാഴ്ചവച്ചു.

കേരളത്തിൽ ഒരു സന്യാസസഭ സ്ഥാപിക്കുന്നതിനു സ്റ്റബിലീനി മെത്രാനച്ചൻ 1829 നവംബർ 1-ാം തീയതി മേല്പറഞ്ഞ തോമ്മാച്ചന്മാക്കു് അനുമതി നല്കി. മാത്രമല്ല, പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും പണംപിരിക്കുവാൻ ഒരനുവാദപത്രവും, രൊക്കം ഇരുന്നൂറു രൂപായും കൊടുത്തു് അദ്ദേഹം അവരെ പ്രോത്സാഹിപ്പിക്കയും ചെയ്തു. സന്യാസസദനം സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചതോടെ നമ്മുടെ കഥാനായകൻ ഇക്കാര്യത്തിൽ പ്രമുഖനായി പ്രവത്തനം തുടങ്ങി. അദ്ദേഹം എഴുതിയിരിക്കുന്നു: "എന്നാൽ ഇതിനുള്ള പ്രധാനികളും, വേലക്കാരും മനസ്സുകാരുമെല്ലാം ഈ അച്ചന്മാർ രണ്ടും തന്നെ. എന്നാൽ ഈ മല്പാനച്ചൻെറ മനസ്സിനു മുഴുവനും ചേൎന്നു നടക്കണമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പംമുതൽ തുടങ്ങി നിശ്ചയിച്ചവനായ ചാവറ കുര്യാക്കോസു് എന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധിചൊല്ലലാൽ അത്തുങ്കൽ വച്ചു് കുർബാനപട്ടം ഏററപ്പോഠം മെത്രാനച്ചനോടുകൂടിയുള്ള ഒന്നാമത്തെ കുർബാനയിൽ ഈ സ്ഥലവും വേലയും നടന്നു നിറവേററുവാനുള്ള ദൈവാനുകൂലം ഉണ്ടാകണമെന്നുള്ള നിരൂപണയാൽതന്നെ ആ ഒന്നാമത്തെ പൂജ അണച്ചു." (നാളാഗമം 1. A. P. 65.)

ദൈവപരിപാലനയാൽ തെരഞ്ഞെടുത്ത, മാന്നാനം കുന്നിൽ മൌറീലിയൂസ് മെത്രാൻെറ സാന്നിദ്ധ്യത്തിൽ പാലക്കൽ മല്പാനച്ചൻെറയും കഥാനായകനായ ചാവറ കുര്യാക്കോസച്ചൻെറയും അൻപതിൽപരം വൈദികരുടെയും സഹായസഹകരണങ്ങളോടുകൂടി പോരൂക്കര തോമ്മാമല്പാൻ 1831 മെയ് 11-ാംനു- ആശ്രമത്തിൻെറ ശി

ലാസ്ഥാപനകമ്മം സാഘോഷം നടത്തി. പോരൂക്കരെയ ച്ചൻ കേരളത്തിന്റെ നാനാ ഭാഗങ്ങളിലും ചുററിസഞ്ച രിച്ചു് ജനങ്ങളുടെ ആത്മീയാവശ്യങ്ങൾ നിവ്വഹിച്ചുകൊ ടുത്തിരുന്ന കൂട്ടത്തിൽ പണപ്പിരിവും നടത്തിയിരുന്നു. മാന്നാനത്തു താമസിച്ചു പണി നടത്തുകയായിരുന്നു ചാ വറ അച്ചന്റെ ജോലി. പാലയ്ക്കൽ മല്പാനച്ചനു സെമ്മി നാരി വിട്ടുപോകുവാൻ നിവൃത്തിയില്ലാതിരുന്നതുകൊ ണ്ടു് അദ്ദേഹം സ്ഥിരമായി പള്ളിപ്പുറത്തു താമസിക്കയും ഇടക്കിടെവന്നു പണിയുടെ മേൽനോട്ടം നടത്തിവരിക യും ചെയ്തിരുന്നു.

1832-ൽ സ്റ്റബിലീനി മെത്രാനച്ചൻ സ്ഥലം വിടുക യും അനന്തരഗാമിയായി ഫ്രാൻസീസ് സേവ്യർ മെ ത്രാൻ സ്ഥാനാരോഹണം ചെയ്കയും ചെയ്തു. ഇദ്ദേഹം എ ന്തോ ചില തെററിദ്ധാരണകൾമൂലം മാന്നാനത്തെ അഭി നവ പ്രസ്ഥാനത്തെ സ്നേഹദൃഷ്ട്യാ അല്ല വീക്ഷിച്ചതു്. തൽഫലമായി പോരൂക്കര അച്ചനെ കായംകുളം, പിള്ള തോപ്പു് എന്നീ പള്ളികളുടെ വികാരി ആയിട്ടും ചാവറ അച്ചനെ തെക്കൻ പള്ളിപ്പുറം പള്ളിയുടെ വികാരിയാ യിട്ടും നിയമിച്ചു് മാന്നാനത്തുനിന്നും മാററിക്കളഞ്ഞു. ഇതു് ഈ സുകൃതികളുടെ പുണ്യസമ്പത്തിയുടെ ഭാരം ഒന്നു തൂക്കിനോക്കുവാൻ, ദൈവം അനുവദിച്ച ഒരു കൃത്യമായി ട്ടേ കരുതേണ്ടതുള്ളു. ഇവരുടെ മാററം നിമിത്തം മാന്നാ നത്തെ മന്ദിരംപണി മന്ദീഭവിച്ചു. എങ്കിലും ഈ വൈ ദികസത്തമന്മാർ ഈ സന്ദർഭത്തിൽ പ്രദശിപ്പിച്ച ത്യാഗം, ക്ഷമ, അനുസരണം ആദിയായ സ്വഭാവവൈശിഷ്ട്യങ്ങൾ മെത്രാന്റെ മനസ്ഥിതിക്കു മാററം വരുത്തുവാൻ പര്യാപ്ത മായിരുന്നു. വിളംബംവിനാ അവരിരുവരും വീണ്ടും മാ ന്നാനത്തുവന്നു താമസിച്ചുകൊള്ളുവാൻ മെത്രാൻ അനുവ ദിച്ചു. സന്യാസഭവനത്തിന്റെ പണി തൽക്കാലാവശ്യ ത്തിനുമാത്രം ശരിപ്പെടുത്തിക്കൊണ്ടു് 1836-മുതൽ സന്യാ സജീവിതം ആരംഭിച്ചു. അന്നുമുതൽ സന്യാസാത്ഥികളാ യി പലരും മാന്നാനത്തുവന്നു ചേൎന്നുകൊണ്ടിരുന്നു. 1841-ൽ പാലയ്ക്കൽ മല്പാനച്ചൻ പള്ളിപ്പുറത്തു സെമ്മി നാരിയിൽവച്ചു് മരണം പ്രാപിച്ചു. പോരൂക്കര അച്ചൻ

1846_ൽ മാന്നാനത്തുവച്ചും ദിവംഗതനായി. തദനന്തരം കഥാനായകനായ കുര്യാക്കോസ് ഏലിയാസച്ചനായിരുന്നു മാന്നാനത്തെ സമൂഹത്തിൻെറ അധിപനായിത്തീന്നതു്.

മാന്നാനത്തെ ആശ്രമവാസികളുടെ ജീവിതം സന്യാസ സഭാക്രമങ്ങൾക്കനുയോജ്യമായിരുന്നെങ്കിലും നിയമാനുസൃതമായ വ്രതാനുഷ്ഠാനങ്ങളും വൈദികാദ്ധ്യക്ഷന്മാരാൽ അംഗീകരിക്കപ്പെട്ട നിയമാവലിയും അവക്കില്ലായിരുന്നു. ഈ നിലയിൽ ഫ്രാൻസീസ്, സേവ്യർ, ലൂദവിക്കു ഇങ്ങനെ രണ്ടു മെത്രാന്മാരുടെകാലം കഴിഞ്ഞു. ഇവരെത്തുടൎന്നു വാരാപ്പുഴ വികാരി അപ്പസ്തോലിക്കായായ ബൎണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ ദൃഷ്ടി ഈ സമൂഹത്തിൽ പതിയുവാനിടയായി.

ഒരു തികഞ്ഞ നായകനായ കുര്യാക്കോസച്ചൻെറ ഭരണനൈപുണി നിമിത്തം അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന അച്ചന്മാർ ആദ്ധ്യാത്മികദൃഷ്ട്യാ രണനിപുണന്മാരായ യോദ്ധാക്കളായിത്തീന്നിരുന്നു. ഇവരുടെ സുശിക്ഷിതമായ ജീവിതവും ഇവർ കേരളകത്തോലിക്കരുടെ ആത്മീയാഭിവൃദ്ധിയെ ഉദ്ദേശിച്ചു സഹിച്ചിരുന്ന കായക്ലേശങ്ങളും കണ്ടു സന്തുഷ്ടനായ മെത്രാപ്പോലീത്താ ഇവരെ നിമാനുസൃതമായ ഒരു സഭയുടെ അംഗങ്ങളായി സ്വീകരിക്കണമെന്നു നിശ്ചയിച്ചു് കമ്മലീത്താ ഒന്നാം സഭയുടെ നിയമങ്ങൾതന്നെ കാലദേശാവസ്ഥക്കനുരൂപമായ മാററംവരുത്തി കുര്യാക്കോസച്ചനു അയച്ചുകൊടുത്തു. അതോടൊന്നിച്ചു ഒരു കല്പനയും അയച്ചിരുന്നു. അതിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഈ നിയമം 1855 ഡിസംബർ 8_ാംനു നടപ്പിൽവരുത്തണം. ഈ ക്രമച്ചട്ടത്തിൽ എഴുതപ്പെട്ടിട്ടുള്ളതെല്ലാം മാന്നാനത്തിൽ സന്യാസികളാകുവാൻ ആഗ്രഹിച്ചു പാൎത്തിരിക്കുന്ന എല്ലാവരെയും വായിച്ചുകേൾപ്പിക്കണം. അതിന്മേൽ ദീഘാലോചന കഴിച്ചു് സ്വാതന്ത്ര്യമനസ്സോടുകൂടി തെരഞ്ഞെടുക്കേണ്ടതാകയാൽ അതിനിടയുണ്ടാകണം. നല്ല മനസ്സും ഉറപ്പും ഉള്ളവരെ മാത്രം സഭയിൽ ചേൎത്താൽ മതി." ഈ കല്പനയനുസരിച്ചു് അന്നു് സന്യാസാൎത്ഥികളായി മാന്നാനത്തു താമസി

ച്ചിരുന്ന വൈദികരേയും വൈദികവിദ്യാത്ഥികളേയും ബാലന്മാരെയും പ്രസ്തുത നിയമസംഹിത ദൈവദാസനായ കുരിയാക്കോസ് ഏലിയാസച്ചൻ പല പ്രാവശ്യം വായിച്ചുകേംപ്പിച്ചു. അതിലെ കർക്കശമായ ചില നിയമങ്ങറം നിമിത്തം സന്യാസാത്ഥികളിൽ പകുതിയോളം പിന്മാറി. ഏതാണ്ടു കാൽശതാബ്ദക്കാലത്തേയ്ക്കു നിരന്തരം പ്രയത്നിച്ചതിൻെറ ഫലം പക്വമാകേണ്ട പ്രായത്തിൽ പകുതിയോളംപുഴക്കേടു പിടിച്ചതിൽ നമ്മുടെ കഥാനായകനു നേരിട്ട ദുഃഖം വർണ്ണനാതീതമായിരുന്നു. നിശ്ചിതദിനത്തിൽ സന്യാസവ്രതങ്ങറം അനുഷ്ഠിപ്പിക്കുവാൻ തൻെറ പ്രതിനിധിയായി മർസ്സീനോസ് എന്നൊരു മിഷനറിയേയും വരപ്പുഴ വികാരി അപ്പസ്തോലിക്കാ മാന്നാനത്തേക്കയച്ചിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ സന്യാസാത്ഥികളെല്ലാവരും ചേന്നു എട്ടു ദിവസത്തെ മുഴവൻ ധ്യാനം നടത്തി. സന്യാസജീവിതത്തിൻെറ ആവശ്യഘടകങ്ങളായ അനുഷ്ഠാനങ്ങളെല്ലാം ധ്യാനത്തോടുകൂടി കർശനമായി ആരംഭിച്ചു.

1855 ഡിസംബർ 8-ാം നു- ധ്യാനം അവസാനിച്ചു. സന്യാസ വാഗ്ദാനങ്ങറം ചെയ്യുന്നതിനുള്ള ഒരുക്കങ്ങളെല്ലാം പൂത്തിയായി. ഡിസംബർ 8-ാം നു- ശനിയാഴ്ച, അമലോത്ഭവതിരുനാളിൽ മാന്നാനത്തെ വൈദികസമൂഹം "അമലോത്ഭവദാസസംഘമായി" ആരംഭിക്കേണ്ടിയിരുന്നു.

അന്നു മാന്നാനം ആശ്രമദേവാലയത്തിൽ നിർവ്വഹിപ്പാനിരുന്ന അസാധാരണവും മഹനീയവുമായ കൃത്യങ്ങളിലും ആഘോഷങ്ങളിലും പങ്കുകൊള്ളുവാൻ അയൽപള്ളികളിൽനിന്നും മററുമായി അനേകം ജനങ്ങറം വന്നിട്ടുണ്ടായിരുന്നു. മണി ഒമ്പതായതോടെ ഒരു പ്രദക്ഷിണം ആശ്രമത്തിൽനിന്നും പള്ളിയിലേയ്ക്കു പുറപ്പെട്ടു. ആദ്യം യോഗാത്ഥികറം, അവരുടെ പിമ്പിൽ നവസന്യാസികളും ശെമ്മാശ്ശന്മാരും. അവരെ അനുഗമിച്ചു പത്തു അച്ചന്മാർ, ഒടുവിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കുര്യാക്കോസച്ചൻെറ കൈകളിൽ തുകൽവാറും ചെറിയ ഉത്തരീയവും സ്വന്തം കൈപ്പടയിൽ സുറിയാനിയിലെ

ഴുതിയിരുന്ന വ്രതാനുഷ്ഠാനപത്രികയും പിടിച്ചിരുന്നു. അദ്ദേഹത്തിന്റെ പാർശ്വഭാഗത്തായി വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ പ്രതിനിധിയായി മർസ്സീനോസ് മിഷനറിയും അവരെ അനുഗമിച്ചിരുന്നു.

പള്ളിയിൽ എട്ടുപട്ടത്തിന്റെ നടുവിൽ ആർച്ചിനോടടുത്തു് അല്പം തെക്കുവശത്തോട്ടു മാറി അലങ്കരിച്ച ഒരു കസേരയും അതിന്റെ മുൻവശത്തു് ഇരുവശവും അച്ചന്മാർക്കും മററും ബഞ്ചുകളും തയ്യാർ ചെയ്തിരുന്നു. പ്രദക്ഷിണം പള്ളിയിൽ എത്തിയപ്പോൾ സൂർപ്ലെസ്സും ഊറാലയും ധരിച്ചിരുന്ന മർസ്സീനോസു് മിഷനറി ജനങ്ങളെ അഭിമുഖീകരിച്ചു് അഗ്രാസനസ്ഥനാകുകയും കുര്യാക്കോസച്ചൻ അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കുകയും ചെയ്തു. മററു അച്ചന്മാർ ബഞ്ചുകളിൽ സ്ഥാനമുറപ്പിച്ചു.

തദനന്തരം മർസ്സീനോസു് മിഷനറി സന്യാസജീവിതത്തിന്റെ മാഹാത്മ്യത്തേയും വ്രതാനുഷ്ഠാനത്തിൽ കയ്യേല്ക്കുന്ന കടമകളേയും വിവരിച്ചുകൊണ്ടു ഹൃദയസ്പൃക്കമായ ഒരു പ്രസംഗം ചെയ്തു. കാണികളെ വിസ്മയിപ്പിക്കത്തക്കവണ്ണം വിനയസമ്പൂർണ്ണവും ഭക്തിദ്യോതകവുമായ മുഖഭാവത്തോടെ മുട്ടിന്മേൽ നിന്നുകൊണ്ടു് കുര്യാക്കോസ് ഏലിയാസച്ചൻ ആ പ്രസംഗം ശ്രവിച്ചു പ്രസംഗാനന്തരം മർസ്സീനോസ് മിഷനറി വ്രതാനുഷ്ഠാനപത്രികയിന്മേൽ ഒരു കുരിശുരൂപം വെച്ചുകൊണ്ടു് ഇരുകരങ്ങളാലും കടലാസു താങ്ങിപ്പിടിച്ചിരിക്കെ വ്രതാനുഷ്ഠായി മുട്ടിന്മേൽനിന്നുതന്നെ കുരിശുരൂപവും അദ്ദേഹത്തിന്റെ കരവും ചുംബിച്ചശേഷം വ്രതവാചകങ്ങൾ തെളിവായ സ്വരത്തിൽ വായിച്ചു. ഇങ്ങനെ, ആജ്ഞാനുസരണം, ബ്രഹ്മചാരിത്വം, ദാരിദ്ര്യം എന്ന മൂന്നു സന്യാസവ്രതങ്ങളെ തിരുസ്സഭാസമക്ഷം അദ്ദേഹം ദൈവത്തിനു സമപ്പിച്ചു. ചെറുപ്പംമുതൽ തീക്ഷ്ണമായി ആഗ്രഹിച്ചപേക്ഷിച്ചു വന്നതും നവപൂജാപ്പണംമുതൽ പരിശ്രമിച്ചു തുടങ്ങിയിരുന്നതുമായ മഹാകാര്യം ഏകദേശം കാൽശതാബ്ദക്കാലത്തെ തീവ്രപ്രയത്നങ്ങളുടെശേഷം തന്റെ പ്രിയപ്പെട്ട മാതാവായ അമലോത്ഭവകന്യക അദ്ദേഹത്തിനു സാധിച്ചുകൊടുത്തു. തന്റെ ആദ്യകുർബാനയിലെ അദ്ദേഹത്തി

ൻെറ പ്രാത്ഥനാവിഷയംതന്നെ ഈ ഉദ്യമം സാഫല്യമടഞ്ഞു കാണണമെന്നുള്ളതായിരുന്നല്ലോ.

ആഘോഷമായ പാട്ടുകുർബാനയ്ക്കുശേഷം പുതിയനിയമം സ്വീകരിച്ച സന്യാസികളാകുവാൻ തയ്യാറായിരുന്ന പത്തച്ചന്മാർ കുര്യാക്കോസ് ഏലിയാസച്ചൻെറ സന്നിധിയിൽ വ്രതാനുഷ്ഠാനം ചെയ്തു. അദ്ദേഹം യഥാക്രമം അവരുടെ വാഗ്ദാനനേർച്ചകൾ സ്വീകരിക്കയും ചെയ്തു.

ഇങ്ങനെ മന്നാനത്തു നടന്നുവന്നിരുന്ന വൈദികരുടെ ഭക്തസംഘം ഒരു സന്യാസസഭയായി, അമലോത്ഭവദാസസംഘമായി, കാനോനികമായി സ്ഥാപിക്കപ്പെട്ടു. കുര്യാക്കോസ് ഏലിയാസച്ചൻ അതിൻെറ അധിപനായി, "പ്രിയോരച്ചൻ" എന്ന നാമധേയത്തിൽ നിയമിക്കപ്പെട്ടു. അനന്തരകാലങ്ങളിൽ ചാവറപ്രിയോരച്ചൻ "വല്യപ്രിയോരച്ചൻ" എന്ന അഭിധാനത്തിലാണ് കേരളത്തിലെങ്ങും അറിയപ്പെട്ടിരുന്നതു്.

## സേവനവേദിയിൽ

ഇന്നത്തെ ആദ്ധ്യാത്മിക ഗ്രന്ഥകാരന്മാരിൽ പ്രഥമഗണനീയനായ ഫാ. തോമസ് മേർടൻ വി. ബർണ്ണാർദിൻെറ ഒരു ജീവചരിത്രം ഈയിടെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. വി. ബർണ്ണാർദ്ദ് സംഭവബഹുലമായ സ്വജീവിതത്തിൽ ആദ്യന്തം ഒരു ദൈവത്തിൻെറ മനുഷ്യനായിരുന്നു എന്ന പ്രമേയത്തെ സോദാഹരണം വിശദീകരിക്കുക മാത്രമാണ് ആ ചരിത്രത്തിൽ അദ്ദേഹം ചെയ്തിട്ടുള്ളതു്. 1829 മുതൽ 1871—വരെ ദീർഘിച്ച കുര്യാക്കോസ് ഏലിയാസച്ചൻെറ വൈദിക ജീവചരിത്രവും മേല്പറഞ്ഞ വാക്കുകളിൽ സംഗ്രഹിക്കാവുന്നതാണ്. അദ്ദേഹം സാക്ഷാൽ ഒരു ദൈവത്തിൻെറ മനുഷ്യനായിരുന്നു. എന്നും എവിടെയും അദ്ദേഹം ഒരു ദൈവത്തിൻെറ മനുഷ്യനായിരുന്നു. അദ്ദേഹത്തിൻെറ ജീവിതവിജയത്തിൻെറ രഹസ്യം അതല്ലാതെ വേറൊന്നുമല്ലായിരുന്നു.

"നീതിമാൻ വിശ്വാസത്താൽ ജീവിക്കുന്നു" എന്നു വി. പൗലോസ് പറയുന്നപ്രകാരം ഇദ്ദേഹം തൻെറ ജീ

വിതസൗധത്തിൻെറ അസ്ഥിവാരം വിശ്വാസത്തിലാണ് ഉറപ്പിച്ചിരുന്നത്. വിശ്വാസദീപം കയ്യിലേന്തിക്കൊണ്ട് മുൻപോട്ടു ഗമിക്കുന്ന ഒരാത്മാവിനു തൻെറ പരമാന്ത്യലബ്ധിക്കുള്ള പ്രതിബന്ധങ്ങളെ എത്ര അനായാസേന ജയിക്കാമെന്നു ഇദ്ദേഹം നമുക്കു കാണിച്ചുതരുന്നു. വൈദികനാകുന്നതിനു തീർച്ചപ്പെടുത്തി ഇദ്ദേഹം സെമിനാരിയിൽ പ്രവേശിച്ചപ്പോൾ കുടുംബാംഗങ്ങളായ പുരുഷാംഗങ്ങളെല്ലാം അപ്രതീക്ഷിതമായി മരിച്ചു കുലീനമായ ചാവറകുടുംബം നാമാവശേഷമായിപ്പോകുവാനുള്ള ആപത്തിലായി. എന്നാൽ നമ്മുടെ കഥാനായകൻെറ വിശ്വാസത്തെ ഇളക്കുവാൻ ഇവയൊന്നും പര്യാപ്തമായില്ല. വിശ്വാസോജ്ജ്വലമായ ഇദ്ദേഹത്തിൻെറ നേത്രങ്ങൾ ലോകത്തിൻെറ ക്ഷണഭംഗുരതയെ ദീർഘാവലോകനം ചെയ്തു.

ഇദ്ദേഹത്തിൽ വിളങ്ങിയിരുന്ന സജീവവിശ്വാസത്തിൻെറ മറെറാരു പ്രത്യക്ഷലക്ഷ്യം തിരുസഭയുടെയും, മാപ്പാപ്പായുടെയും, മെത്രാന്മാരുടെയും നേർക്കുണ്ടായിരുന്ന സ്നേഹ ബഹുമാനാദരങ്ങളാണ്. "ശുദ്ധ പള്ളിയുടെമേലും മാപ്പാപ്പായുടെമേലുമുള്ള എത്രയും എരിവുള്ള വിശ്വാസവും പ്രിയവും തന്നിൽ വിളങ്ങിയിരുന്നു. ശുദ്ധ പള്ളിയുടെ വെളിവും പ്രകാശവും എല്ലായിടത്തും എത്തിപ്പാനം മഹാ ആഗ്രഹമായിരുന്നു. അതിൻെറ ഞെരുക്കങ്ങൾ കേൾക്കുമ്പോൾ കരവാൻ തക്കവണ്ണം സങ്കടപ്പെടുകയും അതിൻെറ ജയസന്തോഷമുള്ള കാലം കാണ്മാൻ ഏററിക്കപ്പെട്ട ആഗ്രഹവുമായിരുന്നു. ശുദ്ധ മാപ്പാപ്പായുടെ വത്തമാനം കേൾപ്പാൻ സംഗതി വരുമ്പോൾ ഒക്കെയും ഇരക്കത്താലെയും സന്തോഷത്താലെയും കരയുമായിരുന്നു. ശുദ്ധ മാപ്പാപ്പായുടെ പകരക്കാരനായിരിക്കുന്ന മേല്പട്ടക്കാരൻെറ നേരെയും മഹാ ആചാരവും വിശേഷപ്രിയവും കീഴ്‌വഴക്കവുമായിരുന്നത് ഈ വിശേഷിക്കപ്പെട്ട വിശ്വാസം ഹേതുവായിട്ടത്രേ" എന്നാണ് ഇദ്ദേഹത്തിൻെറ ആത്മപിതാവായിരുന്ന വന്ദ്യ ലിയോപോൾഡ് മിഷനറി രേഖപ്പെടുത്തിയിരിക്കുന്നത്. ഭയങ്കരമായ റോക്കോസ് ശീശ്മയുടെ കാലത്തു് സ്വന്തം ജീവനെപ്പോലും അപകടത്തിലാക്കിക്കൊണ്ട് വിശ്വാസസംരക്ഷ

ണാത്ഥം ചെയ്ത ധീരകൃത്യങ്ങരം സജീവവിശ്വാസത്തിൻെറ അവശ്യഫലങ്ങളായിരുന്നു. ശീശ്മനേതാക്കന്മാർ ചെയ്ത വാഗ്ദാനങ്ങളും തനിക്കു നിഷ്പ്രയാസം കരസ്ഥമാക്കാമായിരുന്ന മെത്രാൻ സ്ഥാനവും മററു സ്ഥാനമാനങ്ങളും തൃണവൽഗണിച്ച് നിന്ദാവമാനങ്ങളും സ്വയം വരിക്കുന്നതിനു് സജീവ വിശ്വാസത്താൽ ഉജ്ജ്വലിക്കുന്നവനു മാത്രമേ സാധിക്കുമായിരുന്നുള്ളു.

വിശ്വാസത്തിൻെറ അവശ്യഫലമായി ഇദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന ശരണവും അത്ഭുതാവഹംതന്നെ. കൈവശം യാതൊരു സമ്പാദ്യവുമില്ലാതെ എന്തെല്ലാം ദുഷ്കരജോലികളാണു് ഇദ്ദേഹം നിവ്വഹിച്ചിട്ടുള്ളതു്. അവസ്ഥിദ്ദേഹത്തിനുണ്ടായിരുന്ന മൂലധനം സവ്വശക്തമായ ദൈവികബാങ്കിൽ നിക്ഷിപ്തമായിരുന്ന ശിശുസഹജമായ ശരണം ഒന്നുമാത്രമായിരുന്നു. ഇദ്ദേഹം ചെയ്തിരുന്ന ചില പ്രാത്ഥനകരം സ്വന്തം കൈപ്പടയിൽ കുറിച്ചിട്ടുള്ളതു് വായിച്ചാൽ ഇദ്ദേഹത്തിൻെറ ശരണാധിക്യം ആരേയും അത്ഭുതപ്പെടുത്താതിരിക്കയില്ല. ''എന്നാൽ ദൈവം ചെയ്യിച്ചതൊക്കയും എൻെറ വശമൊ? ഇത്രടം വന്നതെങ്ങിനെ, വീട്ടിൽനിന്നു ആരുവിളിച്ചു. പട്ടത്തിനു് എങ്ങനെ കേറി. കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി. പ്രിയോരെന്നു് ആരുവിളിച്ചു, ഇവിടെ എങ്ങനെ വന്നു. ഇതിനൊന്നിനും നിന്നെ കൊള്ളാമൊ? ഇല്ല, ഇല്ല, ഇല്ല. നിശ്ചയം അപ്പൊഴൊ തിരുമനസ്സു നടക്കും; നടത്തും'' എന്ന ഇദ്ദേഹത്തിൻെറ 'ധ്യാനസല്ലാപ'മെന്ന കൃതിയുടെ ഒരുഭാഗം സ്മരണീയമാണു്.

ദൈവപരിപാലനയിലുള്ള ഇദ്ദേഹത്തിൻെറ വിശ്വാസം അചഞ്ചലമായിരുന്നു. മാന്നാനത്തു് ആശ്രമപ്പണിയുടെ ആരംഭത്തിൽ നേരിട്ട വിഘാതങ്ങളോടു ജയിച്ചു നില്ക്കുന്നതിനു് ഇദ്ദേഹത്തിൻെറ വീരോചിതമായ സ്നേഹത്തിനല്ലാതെ സാധിക്കുമായിരുന്നില്ല.

മേൽപ്പറഞ്ഞ ദൃഢവിശ്വാസത്തിൻേറയും ആഴമായ ശരണത്തിൻേറയും സഹജസുകൃതമായി ഇദ്ദേഹത്തിൽ ഉജ്ജ്വലിച്ചിരുന്ന ദൈവസ്നേഹമായിരുന്നു അദ്ദേഹത്തെ

നയിച്ചിരുന്ന സജീവശക്തി. സ്നേഹം ഹൃദയത്തിലാണ ല്ലോ സ്ഥിതിചെയ്യുന്നതു്. വാഗ്രൂപേണയും പ്രവൃത്തി കളിലൂടെയും ബഹിർഗമിക്കുന്ന അതിൻെറ ചില കതി രുകരം മാത്രമേ നമുക്കു് കാണുന്നതിനു സാധിക്കുന്നുള്ളു. ഈ വന്ദ്യദേഹത്തിൻെറ സ്നേഹനിർഭരമായ ഹൃദയത്തിൽ നിന്നു് നിർഗമിച്ചിരുന്ന നിരവധി രശ്മികളെ നിരീക്ഷ ണം ചെയ്യുന്നപക്ഷം ഇദ്ദേഹത്തിൽ ഉജ്ജ്വലിച്ചിരുന്ന ദൈവസ്നേഹത്തിൻെറ ഒരേകദേശജ്ഞാനം നമുക്കുണ്ടാകും. ഇദ്ദേഹത്തിൻെറ സാധാരണ സംഭാഷണങ്ങരം തന്നെ ദൈവസ്നേഹനിർഭരമായിരുന്നു. പ്രസംഗപീഠത്തിൽനി ന്നുള്ള ഇദ്ദേഹത്തിൻെറ വചനങ്ങരം ദൈവസ്നേഹത്തിൻെറ അസ്ത്രങ്ങളായിരുന്നു. "ഇവൻ പ്രസംഗപീഠത്തിൽ കേറു മ്പോരം സിംഹമായിരിക്കും" എന്നത്രേ ഇദ്ദേഹത്തിൻെറ മല്പാനായ പാലയ്ക്കലച്ചൻ രേഖപ്പെടുത്തിയിട്ടുള്ളതു്. "മാ ന്നാനത്തു സകല വിശുദ്ധന്മാരുടെ തിരുനാളിൽ ഉപ ദേശരൂപേണ ജനങ്ങളോടു ചെയ്ത പ്രസംഗം എത്ര ഇള ക്കം വരുത്തുന്നതും ചങ്കു തകക്കുന്നതുമായിരുന്നു. ദൈവ സ്നേഹം, പരസ്നേഹം, മുതലായ പുണ്യങ്ങളാൽ പുണ്യ സാംഗോപാംഗത്തിൻെറ ഉച്ചിയിൽ പറക്കുകയും ഉത്തമപു ണ്യദൃഷ്ടാന്തങ്ങളാലും ഗുണദോഷങ്ങളാലും ശേഷം പേരെ യും പുണ്യവഴിയിൽ ഉത്സാഹിപ്പിക്കയും ചെയ്തിരുന്നു. ധ്യാനത്താലും പടാത്ഥ വേദോപദേശങ്ങളാലും കുമ്പസാ രത്താലും നരകപിശാചിൻെറ രാജ്യഭാരത്തെ മുഴുവനും നിർമ്മൂലമാക്കി നിത്യായുസ്സിന്നു മനുഷ്യരെ വീശി എടു ത്തിരുന്നു. ഇതിനാലുണ്ടായ ദൈവസ്തുതിയും, ആത്മരക്ഷ യും, മേല്പട്ടക്കാരും, വികാരിമാരും, ഇടവകക്കാരും കണ്ടു സന്തോഷിക്കയും ദൈവത്തിനു് ഉപകാരസ്മരണ ചെയ്കു യും ചെയ്തിരുന്നു" എന്നാണു് ഇദ്ദേഹത്തിൻെറ പിൻഗാ മി രണ്ടാം പ്രിയോർ ജനറാരം പോരൂക്കര കുര്യാക്കോസ് എലിസേവൂസച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതു്.

സ്നേഹം വചനംകൊണ്ടുമാത്രം തൃപ്തിയാകുന്നില്ല. സ്നേ ഹിതനെ കണ്ടെത്തി അയാളുമായി ഏകീഭവിക്കുന്നതി നു് യഥാത്ഥ സ്നേഹം വെമ്പൽകൊള്ളുന്നു. നമ്മുടെ കഥാ നായകനിൽ നിറഞ്ഞു കവിഞ്ഞിരുന്ന വിശ്വാസം, ശര

ണം, ഉപവി എന്നീ ദൈവികസുകൃതങ്ങളുടെ അപ്രതിഹതമായ ഒരു പ്രവാഹമാണെന്നു പറയാം 'ആത്മാനുതാപ'മെന്ന അദ്ദേഹത്തിൻെറ പദ്യകൃതി. അതിൽ ഒരിടത്തു് അദ്ദേഹം സ്നേഹപരവശനായി ഇങ്ങനെ പാടുന്നു.

"ആകാശഗമനവും ആദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ടു്.
ഇതൊക്കെ സൃഷ്ടിച്ചതിന്നെന്തു കാരണമെന്നും
ഇതിനെക്കൊണ്ടു നിൻെറ മഹിമ ഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമീലോകെ വച്ചുവെങ്കിൽ
അപ്പരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം."

ദൈവൈക്യത്തിനുള്ള അപരിത്യാജ്യമായ ഉപാധിയാണല്ലോ പ്രാർത്ഥന. പ്രാർത്ഥനാജീവിതത്തിൽ എത്ര ഉന്നതമായ പദവിയാണു് ഈ വന്ദ്യദേഹം പ്രാപിച്ചിരുന്നതെന്നു് അദ്ദേഹത്തിൻെറ സമകാലീനനായ ബ. ളൂവീസച്ചൻ (മഞ്ഞുമ്മേൽ) ഇപ്രകാരം വിവരിക്കുന്നു. "വൈകിട്ടത്തെ ധ്യാനം ഒരുമണിക്കൂറായിരുന്നല്ലൊ. ആ സമയം മുഴുവൻ സദാ കണ്ണുനീർ ഒഴുക്കിക്കൊണ്ടു് മുട്ടിന്മേൽത്തന്നെ പരവശനായി നിന്നിരുന്നു. അനുവാദത്തിനായി ചെല്ലുന്നവർ സ്കാപ്പുളാര മുത്തിക്കൊണ്ടു പൊയ്ക്കൊള്ളുക പതിവായിരുന്നു. മണി ആകുമ്പോൾ സമീപെ നില്ക്കുന്നവർ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യംതീർന്നു ജപം ചൊല്ലി അവസാനിപ്പിക്കും. കണ്ണുനീർ ഒഴുക്കിക്കൊണ്ടാണു പ്രാർത്ഥനാലയത്തിൽനിന്നു് സ്വന്തം മുറിയിലേക്കു പോയിരുന്നതു്".

ദിവ്യകാരുണ്യസന്നിധിയിൽ വന്ദ്യ പ്രിയോരച്ചൻ ധ്യാനപരവശനായി നിന്നിരുന്ന കാഴ്ച അക്കാലത്തു പലർക്കും സുപരിചിതമായിരുന്നു. അപ്പോൾ മനുഷ്യൻ എന്നതിനേക്കാൾ മാലാഖാ എന്നു തോന്നിപ്പോകും എന്നത്രേ ശിഷ്യന്മാർ സാക്ഷ്യപ്പെടുത്തീട്ടുള്ളതു്. മഞ്ഞുമ്മേൽ താമസിച്ചു മരിച്ച ബ. ളൂവീസച്ചൻ ഈ വസ്തുത രേഖാമൂലം സത്യപ്രതിജ്ഞയോടുകൂടെ രേഖപ്പെടുത്തിയിട്ടുണ്ടു്. "പ

ള്ളികളിൽ വല്ല ആഘോഷത്തിനും ചെന്നാൽ പ്രിയോരച്ചനെ ഒന്നുകിൽ സക്രാരിയുടെ മുൻപാകെ അല്ലെങ്കിൽ സിമിത്തേരിയിൽ കണ്ടെത്താമെന്നു് ഒരു പഴമൊഴിപോലായിത്തീർന്നിരുന്നു.'' ദൈവത്തിലുള്ള ശിശുസഹജമായ ശരണം വൻകാര്യങ്ങൾ നിവ്വഹിക്കുന്നതിനദ്ദേഹത്തെ പ്രാപ്തനാക്കി. മാന്നാനത്തു് ആശ്രമം, പള്ളി, അച്ചടിപ്പുര മുതലായവയുടെ പണികൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അന്നത്തെ കൂലിക്കുള്ള വക കൈവശമുണ്ടായിരുന്നില്ല. പതിവുപോലെ ദിവ്യകാരുണ്യസന്നിധിയിലേയ്ക്കുദ്ദേഹം പ്രവേശിച്ചു. ദിവ്യകാരുണ്യനാഥനോടു് വിവരങ്ങൾ ബോധിപ്പിച്ചു. പുറത്തുവന്നപ്പോൾ ഒരു മാന്യൻ പ്രിയോരച്ചനെ കാണ്മാൻ കാത്തുനില്ക്കുന്നു. "500 ചക്രം ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. ഒരാളെ അയച്ചാൽ 500 കൂടി കൊടുത്തയക്കാം'' അയാൾ പ്രിയോരച്ചനോടു് പറയുകയായിരുന്നു.

കേരളത്തിലെ പ്രഥമ കന്യാസ്ത്രീമഠത്തിന്റെ പണി അദ്ദേഹം കൂനമ്മാവുകൽ ആരംഭിച്ചപ്പോൾ പതിനെട്ടു രൂപായാണു് കൈവശമുണ്ടായിരുന്നതു്. എണ്ണായിരം രൂപാ ചിലവിട്ടു ആ വലിയ കെട്ടിടം പത്തുമാസത്തിനുള്ളിൽ പണിതീർത്തു. അതു് ഒരു വലിയ അത്ഭുതംപോലെയാണു പലരും കരുതിയിരുന്നതു്. ദൈവജനനിയുടെയും മാർ യൌസേപ്പുപുണ്യപിതാവിന്റെയുംനേക്കു് ചെറുപ്പകാലം മുതല്ക്കു് അദ്ദേഹത്തിൽ വേരുന്നിയിരുന്ന നിവ്യാജഭക്തി ഈശോയോടുള്ള നിരുപമസ്നേഹത്തിന്റെ ഉച്ചിയിലെത്തുന്നതിനു് അദ്ദേഹത്തെ സഹായിച്ചു. ആവിലായിലെ വിശുദ്ധ ത്രേസ്യായുടെ തനിച്ഛായതന്നെയായിരുന്നു ഇക്കാര്യത്തിൽ ഈ വത്സലസുതൻ.

തന്നിൽത്തന്നെ അശേഷം ശരണപ്പെടാതെ സ്വർഗ്ഗസ്ഥനായ പിതാവിൽ പൂർണ്ണശരണം വയ്ക്കുന്ന എളിമയുള്ള ഒരാത്മാവുവഴി ദൈവം പ്രവത്തിക്കാത്ത അത്ഭുതമെന്താണുള്ളതു്. വി. കൊച്ചുത്രേസ്യായെപ്പററി പന്ത്രണ്ടാം പീയൂസ് തിരുമേനി ചെയ്തിട്ടുള്ള ഒരു പ്രസ്താവനയും ഇത്തരുണത്തിൽ സ്മത്തവ്യമാണു്. പുണ്യവതിയുടെ അടിയുറച്ച എളിമയേയും നിസ്തുലമായ പ്രത്യാശയേയുംപററി

പ്രകീർത്തിച്ചിട്ട പരിശുദ്ധ പിതാവു പറയുന്നു: ''ഇതിനു പ്രത്യുപകാരമായിട്ട കർത്താവു് അവളെ തന്റെ ഭവനത്തിലേയ്ക്കു സ്വീകരിക്കുകയും തന്റെ രഹസ്യങ്ങളെ അവൾക്കു തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. ജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും അവിടുന്നു മറച്ചുവച്ചിരുന്ന സമസ്ത കാര്യങ്ങളും അവൾക്കവിടുന്നു വെളിപ്പെടുത്തിയിരിക്കുന്നു.''

വൈദികനെന്ന നിലയിൽ നാല്പത്തിരണ്ടു സംവത്സരങ്ങളും സമുദായത്തിനുവേണ്ടിയുള്ള നിരന്തര പ്രവർത്തനങ്ങളിൽ വ്യാപൃതനായിട്ടാണു് ചാവറ അച്ചൻ കഴിഞ്ഞുകൂടിയതു്.

1855 മുതൽ 1871 വരെ പ്രിയോർ ജനറാളായി സന്യാസസഭാഭരണം നടത്തി. 1861-ൽ സുറിയാനിക്കാരുടെ വികാരി ജനറാളായി വിപുലങ്ങളായ അധികാരങ്ങളോടെ നിയമിക്കപ്പെട്ടു. 1864-ൽ കൂനമ്മാവുങ്കലേയ്ക്കു് ആസ്ഥാനം മാററുന്നതുവരെ മാന്നാനത്തുതന്നെ ആയിരുന്നു അദ്ദേഹത്തിന്റെ സ്ഥിരതാമസം. കത്തോലിക്കാസുറിയാനി സമുദായത്തിന്റെ കേന്ദ്രസ്ഥാനമെന്നുള്ള പദവി മാന്നാനത്തിനു് അക്കാലങ്ങളിൽ സിദ്ധിച്ചതു് ഇക്കാരണങ്ങളാലത്രേ. മാധവരായർ തിരുവിതാംകൂർ ദിവാൻജിയായും ശങ്കുണ്ണിമേനോൻ പേഷ്ക്കാരായും രാഷ്ട്രവൃത്തത്തിലും ബർണ്ണർദീനോസ് മെത്രാപ്പോലീത്തായും ചാവറ പ്രിയോരച്ചനും സഭാമണ്ഡലത്തിലും ഭരണം നടത്തിവന്ന ആ കാലങ്ങൾ കേരളത്തിനു് ഒരു സുവർണ്ണദശതന്നെയായിരുന്നു എന്നു് പാലാക്കുന്നേൽ വല്യച്ചൻ തുടങ്ങിയ പഴവന്മാർ രേഖപ്പെടുത്തിയിരിക്കുന്നു

ചാവറ അച്ചന്റെ പാവനമായ കരങ്ങൾ സ്പർശിക്കാത്ത യാതൊരു സംരംഭവും ഇന്നും നമ്മുടെ സുറിയാനി സഭയിലില്ലെന്നു പറയാം. സന്യാസസഭയുടെ ശാശ്വതമായ അടിസ്ഥാനം ഉറപ്പിച്ചശേഷം, കൂനമ്മാവു്, എൽത്തുരുത്തു്, വാഴക്കുളം, അമ്പഴക്കാട്ടു്, പുളിങ്കുന്നു് എന്നീ അഞ്ചു് ആശ്രമങ്ങൾ ഒന്നിനുപുറകെ ഒന്നായി അദ്ദേഹം സമാരംഭിച്ചു. മുത്തോലി, ചെത്തിപ്പുഴ, എന്നീ ആശ്രമങ്ങൾ സ്ഥാപിക്കുന്നതിനു് പ്രാരംഭ ശ്രമങ്ങൾ നടത്തി. കന്യാസ്ത്രീ

കാംക്കായുള്ള ഒന്നാമത്തെ മഠവും കൂനമ്മാവുങ്കൽ ഇദ്ദേഹം തുടങ്ങി. മാന്നാനത്തെ സെമ്മിനാരിക്കു പുറമെ, എൽത്തുരുത്തിലും, വാഴക്കുളത്തും വൈദികവിദ്യാലയങ്ങാം ഏപ്പെടുത്തി. വൈദികർ വാർഷികധ്യാനം നടത്തുന്നതിനും ഞായറാഴ്ചതോറും പള്ളികളിൽ പ്രസംഗം ചെയ്യുന്നതിനും ഏപ്പാടുചെയ്തു. വൈദികരുടെ കാനോനനമസ്കാരം ക്രമപ്പെടുത്തി, അച്ചടിപ്പിച്ചതും, തുക്കാസാ എന്ന കർബാനക്രമം എഴുതി പ്രസിദ്ധീകരിച്ചതും, ഒപ്പീസ്, ദുഃഖശനിയാഴ്ചക്രമം, വേസ്പര, പള്ളിപ്പഞ്ചാംഗം, മുതലായവ സജ്ജീകരിച്ചതും ഇദ്ദേഹമാണ്. നാല്പതുമണി ആരാധനയ്ക്കുള്ള നിഷ്കൃഷ്മായ നിയമങ്ങാം ഇദ്ദേഹം തിരുവെഴുത്തുകളിൽനിന്നും ഭാഷാന്തരംചെയ്തു. ആ മഹോന്നതകമ്മം കേരളത്തിൽ ഇദംപ്രഥമമായി കൂനമ്മാവുങ്കലും തുടൎന്നു മാന്നാനം മുതലായ വലിയ കൊവേന്തകളിലും നടപ്പിലാക്കി.

വികാരി ജനറാം എന്ന നിലയിൽ സുറിയാനി ഇടവകകളെ അദ്ദേഹം നാലു ഡിസ്ട്രിക്റ്റുകളായി തിരിച്ച് വിപുലമായ അധികാരങ്ങളോടുകൂടി സന്യാസവൈദികരെ ദെപ്പുത്താദാരന്മാരായി (Deputies) നിയമിച്ചതു് ഭരണപരമായ ഒരു പ്രശസ്തവിജയമായിരുന്നു. വരാപ്പുഴ മെത്രാപ്പോലീത്താ ധനവിഷയകമായി വിഷമസന്ധിയിലെത്തിയ ഒരു ഘട്ടത്തിൽ വികാരി ജനറാളായ കുര്യാക്കോസ് ഏലിയാസച്ചൻ നടപ്പിലാക്കിയതാകുന്നു ഇന്നു നടപ്പിലിരിക്കുന്ന "നുററിക്കഞ്ചു്" പിരിവു്.

വിദ്യാഭ്യാസവിഷയത്തിൽ കേവലം താണപടിയിൽ കിടന്നിരുന്ന കത്തോലിക്കാ സമുദായത്തെ പുരോഗമനമാർഗ്ഗത്തിലേയ്ക്കു കടത്തിവിട്ടതു് ഈ വന്ദ്യദേഹമാണ്. വികാരി ജനറാളായിരിക്കവേ ഇടവകതോറും പള്ളിക്കൂടം സ്ഥാപിച്ചു നടത്തിക്കൊള്ളണമെന്ന് പള്ളിമുടക്കിൻകീഴ് കല്പനകൊടുക്കുകയാണു ഇദ്ദേഹം ചെയ്തതു്, മാന്നാനത്തു് ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ചു നടത്തിവന്നു.

അച്ചുകൂടസ്ഥാപനം ഇതിലൊക്കെ അത്ഭുതാവഹമെന്നേ പറയാനുള്ളു. വാഴപ്പിണ്ടി ഉപയോഗിച്ച് ഒരു അച്ചടി പ്രസ്സിൻെറ മാതൃക ഉണ്ടാക്കി കാണിച്ചുകൊടുത്തു ആശാ

രിയെക്കൊണ്ടു് പണികഴിപ്പിച്ച ഒരു മരപ്രസ്സുകൊണ്ടത്രേ മാന്നാനത്തു് അദ്ദേഹം അച്ചടിജോലി ആരംഭിച്ചതു്. പ്രസ്തുത പ്രസ്സ് ഒരു പൂജ്യാവശിഷ്ടമെന്നോണം മാന്നാനം അച്ചടിശാലയിൽ ഇന്നും സൂക്ഷിച്ചുവരുന്നു. കത്തോലിക്കർക്കു് മതപരമായ ഗ്രന്ഥങ്ങൾ മലയാളത്തിൽ യാതൊന്നുമില്ലാതിരുന്ന ശോച്യാവസ്ഥയെ ഈ വിധത്തിലാണദ്ദേഹം പരിഹരിച്ചു തുടങ്ങിയതു്. "നല്ലഅപ്പന്റെ ചാവരുൾ" എന്ന പേരിൽ കൈനകരിയിലെ കത്തോലിക്കാകുടുംബങ്ങൾക്കായി അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയ ആ സുവർണ്ണഗ്രന്ഥം കേരളത്തിലെ പല നല്ല കുടുംബങ്ങളിലും ഒരു മാർഗ്ഗദീപമായി ഇന്നും പ്രശോഭിക്കുന്നുണ്ടു്.

ഒരു ശതാബ്ദത്തിനു മുൻപു് ഗദ്യത്തിലും പദ്യത്തിലും ഇത്ര ധാരാളമായിട്ടെഴുതിയിട്ടുള്ളവർ ഏറെയാരും കേരളത്തിലുണ്ടെന്നു തോന്നുന്നില്ല. 1829 മുതൽ 1870 വരെ രണ്ടു ഗ്രന്ഥങ്ങളിലായി സ്വന്തം കൈപ്പടയിൽ അദ്ദേഹം എഴുതിവച്ചിട്ടുള്ള വിസ്തൃതമായ നാളാഗമം, ആ കാലഘട്ടത്തിലെ മലങ്കരസഭയുടെ ഒരു ചരിത്രംതന്നെയാണെന്നു പറയാം. റോക്കോസ് ശീശ്മയുടെ ചരിത്രം പാലയ്ക്കൽ മല്പാനച്ചന്റെയും പോരൂക്കര മല്പാനച്ചന്റെയും് ജീവചരിത്രങ്ങൾ, ആത്മാനുതാപം, തേറുന്ന ആത്മാവിന്റെ നെടുവീപ്പു്, പാന, ധ്യാനസല്ലാപങ്ങൾ, ചാവരുൾ എക്ലോഗുകൾ ആദിയായവ ഈ വന്ദ്യദേഹത്തിന്റെ സാഹിത്യ തല്പരതയേയും, നിസ്തന്ദ്ര പരിശ്രമത്തേയും നിതരാം പ്രത്യക്ഷമാക്കുന്നു.

ബ്രിട്ടനിലെ കത്തോലിക്കർ കേവലം അധഃസ്ഥിതർ എന്ന നിലയിലാണു് അവിടെ കഴിഞ്ഞുകൂടിയിരുന്നതു്. ഈ നിലയൊന്നു മാററുന്നതിനായി സാഹിത്യകേസരിയായ ഹില്ലയർ ബെല്ലക്കു് തൂലികയെടുത്തു, അതു് അദ്ദേഹം സാധിക്കുകയും ചെയ്തു. അപ്രകാരം തന്നെ ശീശ്മക്കാലങ്ങളിലും മററും പ്രത്യേകിച്ചും കുര്യാക്കോസ് ഏലിയാസച്ചന്റെ തൂലികാചലനങ്ങൾ പ്രതിപക്ഷകക്ഷികൾക്കു ഭയഹേതുകമായിരുന്നു. പക്ഷെ, അവരും അവയിൽനിന്നുള്ള പ്രയോജനം പ്രാപിച്ചിരുന്നു.

അധഃകൃതോന്നമനത്തിലും വേദപ്രചാരവിഷയത്തിലും ഈ പുണ്യദേഹം സവിശേഷമായ ശ്രദ്ധ പതിച്ചുവന്നിരുന്നു. അതിലേയ്ക്കു പ്രത്യേക സ്ഥാപനങ്ങൾ എല്ലാ ആശ്രമങ്ങളോടും അനുബന്ധിച്ചു നടത്തിവരുന്നതിനു് അദ്ദേഹം നിഷ്കർഷിച്ചു. അക്കാലത്തു വിജനമായിക്കിടന്നിരുന്ന ആർപ്പൂക്കര വില്ലൂന്നിക്കുന്നിൽ അദ്ദേഹം ആരംഭിച്ച വേദാദ്ധ്യയനശാലയുടെ സ്ഥാനത്താണിപ്പോൾ ഒരു പള്ളിയും കർമ്മലീത്താമഠവും, പ്രൈമറിസ്കൂളും, ഹൈസ്കൂളും, തിരുഹൃദയമഠവും, ആശുപത്രിയും, സാധുസംരക്ഷണശാലയും ലാലസിക്കുന്നതു്. കൈനകരിയിൽ ഇന്നു കാണപ്പെടുന്ന ആതുരശാല പ്രിയോരച്ചൻതന്നെ ആരംഭിച്ചതാണു്.

ഈദൃശ സാധുസംരക്ഷണ പരിപാടികളെപ്പററി സമകാലികനായ പാറപ്പുറത്തു വക്കിയച്ചൻ ഒരിടത്തു ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഉച്ചയ്ക്കു കഞ്ഞിയും, ആവശ്യംപോലെ തുണി, കൊന്ത, വെന്തിങ്ങാ, മുതലായതും കൊടുത്തു നടത്തുന്നതിനായിട്ടും, പുലയരെ മാർഗ്ഗത്തിൽ കൂട്ടുന്നതിനും, ഇസ്കോളയിട്ടു നടത്തുന്നതിനും, പിടിയരി ഏപ്പാടുകൊണ്ടു് മതിയാകാഞ്ഞതിനാൽ, പള്ളിപ്പുറം, മുട്ടം, വൈക്കം, വെച്ചൂർ, മുട്ടുചിറ, കടുത്തുരുത്തി, കുടമാളൂർ, കൈപ്പുഴ, മുതലായ പള്ളികളിൽ പരസ്യം എഴുതി കൊടുത്തയച്ചു് അരി വരുത്തിയിരുന്നു."

ചുരുക്കത്തിൽ ഈ പുണ്യശ്ലോകൻെറ ശ്രദ്ധ പതിയാത്ത യാതൊരു സംഗതിയും, സമുദായമണ്ഡലത്തിൽ കണ്ടെത്താനില്ലെന്നു് നിരാക്ഷേപം പ്രസ്താവിക്കാം. ബഹുലങ്ങളായ ഈ സംരംഭങ്ങളിലെല്ലാം കണ്ണു ചെലുത്തുന്നതിനു് ഈ യതിവര്യനു് എങ്ങനെ സാധിച്ചു എന്നുള്ളതു് അക്കാലങ്ങളിൽ ഏവക്കും ഒരു അത്ഭുത വിഷയമായിരുന്നു.

റോക്കോസ് ശീശ്മക്കാലത്തു് പ്രിയോരച്ചനും തൻെറ സഭാംഗങ്ങളും ചെയ്ത ധീരപോരാട്ടമാണു് ഇതിലൊക്കെയിലും പേരുകേട്ട സംഭവം. സ്വന്ത രീത്തിൽ മെത്രാനെ കിട്ടാനുള്ള ദാഹം ജനസഞ്ചയത്തിൽ മൂത്തിമത്തായിരുന്ന ഒരു കാലഘട്ടമായിരുന്നു. ബാബേലിൽ നിന്നു്

ഒരു മെത്രാൻ മലയാളത്തേയ്ക്കു പുറപ്പെട്ടിരിക്കുന്നു എന്നു് അറിവു കിട്ടിയപ്പോഴെ ജനങ്ങരം സാമോദം ഒരുക്കം തുടങ്ങി. പ. സിംഹാസനത്തിലെ അനുമതികൂടാതെയാണു് ഈ പുറപ്പാടെന്നു് പ്രൊപ്പഗാന്താ തിരുസ്സംഘം മുന്നറിവു നൽകിയതനുസരിച്ചു് വരാപ്പുഴ മെത്രാപ്പോലീത്താ ഒരു പരസ്യലേഖനദ്വാരാ ജനങ്ങളെ അറിയിച്ചു. യാതൊരു ഫലവുമുണ്ടായില്ല. പ്രിയോരച്ചൻ സ്വന്തം പേരുവച്ചു് ഒരു വിജ്ഞപ്തിപത്രം മാന്നാനത്തുനിന്നും പ്രസിദ്ധപ്പെടുത്തി, വിശ്വാസികളെ വാസ്തവം ഗ്രഹിപ്പിക്കുവാൻ ശ്രമിച്ചു.

1861 മെയ് 9-ൽ റോക്കോസു് മെത്രാൻ കൊച്ചിയിൽ വന്നിറങ്ങി. അടുത്ത ഒരു കൊല്ലം മലങ്കര സഭയിൽ മഹാവിപ്ലവത്തിൻെറ ഒരു കാലംതന്നെയായിരുന്നു. പള്ളികരം ഒന്നിനുപുറകെ ഒന്നായി ശീശ്മമെത്രാനു കീഴ്പെട്ടു. ആകെ അന്നു 154 സുറിയാനി ഇടവകകരം ഉണ്ടായിരുന്നതിൽ 86 പൂണ്ണമായും 30 ഭാഗികമായും ശീശ്മഭാഗത്തായി. മാന്നാനവും എൽത്തുരുത്തും കൊവേന്തകരം ബലമായി കൈവശപ്പെടുത്തിക്കൊണ്ടു് മെത്രാനെ ഓരോ സ്ഥലത്തും മാറി മാറി താമസിപ്പിക്കുന്നതിനായിരുന്നു പ്ലാൻ. വരാപ്പുഴ മെത്രാപ്പോലീത്തായുടെ ശ്രമങ്ങളൊന്നും സഫലമായില്ല. ആകയാൽ പ്രസ്തുത വഷം ജൂൺ 8-ാം തീയതി പ്രിയോരച്ചനെ വിപുലങ്ങളായ അധികാരങ്ങളോടെ സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ചു് അദ്ദേഹം പ്രഖ്യാപനം ചെയ്തു.

അന്നുമുതൽ രണാങ്കണത്തിൽ സേനാനായകനായി വികാരിജനറാരംതന്നെ പ്രത്യക്ഷപ്പെട്ടു. കാര്യത്തിൻെറ യഥാത്ഥ വിവരങ്ങരം നേരിട്ടറിവാൻ ഒൻപതാം പീയൂസു് മാപ്പാപ്പാ തിരുമനസ്സിലേയ്ക്കു അദ്ദേഹവും സഹപ്രവത്തകരുംകൂടി ഒരു കത്തയച്ചു. പരിശുദ്ധ പിതാവിൻെറ കയ്യൊപ്പോടുകൂടി കിട്ടിയ വിശദമായ മറുപടി പലരുടേയും കണ്ണു തെളിക്കാൻ പര്യാപ്തമായെങ്കിലും മത്സരം മൂദ്ധന്യത്തിലെത്തിപ്പോയതിനാൽ സമരം തുടന്നുനിന്നു. റോക്കോസു് വടക്കും തെക്കും പല പള്ളികളും സന്ദശി

ക്കുകയും പട്ടം കൊടുത്തു തുടങ്ങുകയും ചെയ്കയാൽ കലാപങ്ങരം വദ്ധിച്ചു. ശങ്കുണ്ണിമേനോൻ പേഷ്ക്കാരുടെ പിൻതുണ തദവസരത്തിൽ പ്രിയോരച്ചനു നിർല്ലോഭം ലഭിച്ചു.

ഒടുവിൽ റോക്കോസ് വലിയമഹറോൻ ചൊല്ലപ്പെട്ടു. ഈ മഹറോൻ കല്പന റോക്കോസിനു എത്തിച്ചു കൊടുക്കുന്നതിലേയ്ക്കു ജീവനേയും പണയപ്പെടുത്തിക്കൊണ്ടാണ് കുര്യാക്കോസച്ചന്റെ കീഴിലുള്ള സന്യാസ വൈദികർ തുനിഞ്ഞിറങ്ങിയതു്. ഇതിനിടയിൽ റോമ്മായിൽ നിന്നുള്ള നിർബന്ധംമൂലം ഉടൻ മടങ്ങിപ്പോരുന്നതിനു് ബാബേൽ പാത്രിയക്കീസും റോക്കോസിനോടു കല്പിച്ചു. റോക്കോസ് മടങ്ങിപ്പോകുവാൻ സന്നദ്ധനായി. പക്ഷെ, ശീശ്മക്കക്ഷിയിലെ പ്രബലന്മാർ അദ്ദേഹത്തെ തടഞ്ഞു. വന്ദ്യകുര്യാക്കോസച്ചൻ ധൈര്യസമേതം തുടന്നു ശ്രമിച്ചു. പ്രതിയോഗികളുടെ കെണിയിൽനിന്നെല്ലാം അദ്ദേഹം റോക്കോസിനെ വിടർത്തി. 1862 മാർച്ചു് അവസാനത്തോടുകൂടെ യാത്രയ്ക്കുള്ള ചെലവും കൊടുത്തു് അദ്ദേഹത്തെ ബാഗ്ദാദിനു കപ്പൽ കയററിയതിനുശേഷമേ നമ്മുടെ സേനാനായകൻ കൊച്ചീക്കോട്ടയിൽനിന്നു തിരികെപ്പോന്നുള്ളു.

ഈ യുദ്ധം ഇങ്ങനെ വിജയിച്ചില്ലായിരുന്നു എങ്കിൽ മലയാളസഭയുടെ ഇന്നത്തെ നില എന്തായിരുന്നേനേ എന്നു് ഓക്കുമ്പോഴാണു് അതിന്റെ പ്രാധാന്യം പ്രസ്പഷ്ടമാകുന്നതു്. റോക്കോസിന്റെ അനന്തരഗാമിയെന്നോണം ബാബേലിൽപോയി മെത്രാൻവേഷം കെട്ടിവന്നു പ്പാശനാൽ ഭദ്രാസനം ഉറപ്പിച്ച തൊണ്ടനാട്ടു അബ്ദീശൊ മെത്രാൻ 1863-ൽ വീണ്ടും കുത്തിപ്പൊക്കിയ ശീശ്മവഹ്നി തട്ടിക്കെടുത്തുന്നതിൽ ദൈവദാസൻ പ്രദർശിപ്പിച്ച നയതന്ത്രജ്ഞതയും മലങ്കരസഭയ്ക്കു ഒരിക്കലും വിസ്മരിക്കാൻ പാടുള്ളതല്ല.

# III

## നിമ്മലജീവിതം

ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ ജാതിമതഭേദം കൂടാതെ സകലരുടേയും സ്നേഹബഹുമാനങ്ങൾക്ക് സവിശേഷം പാത്രീഭൂതനായിത്തീന്നതു ബഹുമുഖങ്ങളായ ബാഹ്യകൃത്യങ്ങൾകൊണ്ടെന്നതിനേക്കാൾ തൻെറ അനിതരസാധാരണമായ നിമ്മലജീവിതംകൊണ്ടാണ്. ഇദ്ദേഹവുമായി ഇടപെടുവാൻ സംഗതിയായിട്ടുള്ള പാശ്ചാത്യരും പൌരസ്ത്യരും ഒന്നുപോലെ മുക്തകണ്ഠം ഘോഷിക്കുന്ന ഒന്നാണ് ഇദ്ദേഹത്തിൽ വിളങ്ങിയിരുന്ന വിശുദ്ധി. "വേണ്ടുന്ന ബോധജ്ഞാനവും പുണ്യവ്യാപാരവും തനിക്കുണ്ടെന്നു് നാം ബോധിച്ചു" "ഇദ്ദേഹംമാത്രം മാന്നാനത്തിലുണ്ടായ പുഷ്പമാകുന്നു." "തൻെറ സന്യാസികളെ വിശേഷ പുണ്യമാതൃകകളാലും, ഉയിരുള്ള വിശ്വാസത്താലും, ധ്യാനത്തിൻെറയും, സൽഭക്തിയുടെയും ഇടവിടാതുള്ള വേലകളെ ചെയ്തുകൊണ്ടും പഠിപ്പിച്ചു." എന്നാണ് ഇദ്ദേഹത്തോടു വളരെ അടുത്തു പെരുമാറിയിട്ടുള്ള ബച്ചിനെർദീനോസ്, മർസ്സലീനോസ്, എന്നീ വൈദികമേലദ്ധ്യക്ഷന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.

ഇദ്ദേഹത്തിൻെറ സമകാലീനനും സഹപ്രവത്തകനും, പിൻഗാമിയുമായ പോരൂക്കര കുര്യാക്കോസ് എലിസേവൂസച്ചൻെറ സാക്ഷ്യം ഇപ്രകാരമാണ: "കൊവേന്തയിലെ അടക്കമുള്ള ജീവിതത്താലും തമ്പുരാൻെറ തിരുവചനമായ റേഗുള ന്യായപ്രമാണങ്ങളുടെ സൂക്ഷമുള്ള അനുസരണത്താലും, എളിമ, കീഴ്‌വഴക്കം ദൈവസ്നേഹം, പരസ്നേഹം മുതലായ പുണ്യങ്ങളാലും, പുണ്യ സാംഗോപാംഗത്തിൻെറ ഉച്ചിയിൽ പറക്കുകയും ഉത്തമപുണ്യദൃഷ്ടാന്തങ്ങളാലും ഗുണദോഷങ്ങളാലും ശേഷംപേരെയും പുണ്യവഴിയിൽ ഉത്സാഹിപ്പിക്കുകയും ചെയ്തിരുന്നു."

കഥാനായകൻെറ കുമ്പസാരക്കാരനും ആത്മീയോപദേഷ്ടാവുമായ ലെയോപ്പോൾഡ് മിഷ്യനറിയുടെ അഭിപ്രായവും സ്മരണീയമാണ്: "ഈ പുണ്യപ്പെട്ട വേലക

ളെ വചനംകൊണ്ടും ന്യായങ്ങളെക്കൊണ്ടും നടത്തിയതി നേക്കാരം അയാളുടെ വിശേഷഗുണശീലംകൊണ്ടുംപുണ്യം കൊണ്ടും നടത്തി എന്നു പറയാൻ ന്യായമായിരിക്കുന്നു. അയാളുടെ വിശേഷ എളിമയും ഏററിക്കപ്പെട്ട ഉപവിയും മേല്പട്ടക്കാരുടെനേരെയുള്ള കുറവില്ലാത്ത കീഴ്‌വഴക്കവും, ചൊൽവിളിയും, എല്ലാവക്കും ബോധിച്ചിരിക്കയാൽ അയാളുടെനേരെ മഹാ ആചാരവും, പ്രിയവുമായി അയാളുടെ വചനത്തിൽ മുഴുവനായ വിശ്വാസമായിരുന്നു ''

ബഹുവിധകൃത്യങ്ങളിൽ വ്യാപൃതനായി സദാസമയവും കാണപ്പെട്ടിരുന്ന ദൈവദാസന്റെ ജീവിതം ദൈവത്തിനുവേണ്ടി കഴിച്ചിരുന്നു എന്നു് ഒററ വാചകത്തിൽ ചുരുക്കാവുന്നതാണു്. അദ്ദേഹം സാക്ഷാൽ ദൈവത്തിന്റെ ഒരു മനുഷ്യനായിരുന്നു. മരണക്കിടക്കയിൽ വെച്ചു് ചുററും നിന്നിരുന്നവരോടു് ഇങ്ങനെ പ്രസ്താവിക്കയുണ്ടായി. ''ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം, യൗസേപ്പു് എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഓപ്പിക്കുകയും എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കയും ഓക്കുകയും വണങ്ങുകയും ചെയ്തുവന്നിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ടു് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനു ഇടയായിട്ടില്ല.''

കുര്യാക്കോസച്ചന്റെ വ്യക്തിവൈശിഷ്ട്യം, മരണക്കിടക്കയിൽവെച്ചു് അദ്ദേഹം ചെയ്ത ഈ പ്രസ്താവന നമുക്കു വ്യക്തമാക്കിത്തരുന്നു. ലോകദൃഷ്ട്യാ അഭിമാനിക്കത്തക്ക പല വമ്പിച്ച നേട്ടങ്ങളും അദ്ദേഹം നേടിയിട്ടുണ്ടു്. പക്ഷെ ജീവിതത്തിൽ അദ്ദേഹം ഏററവും മതിച്ചതു മാമ്മോദീസായിൽ കിട്ടിയ വരപ്രസാദമായിരുന്നു. അതു് ഒരിക്കലും നഷ്ടപ്പെടുന്നതിനിടയാകാഞ്ഞതിനാൽ അദ്ദേഹം അഭിമാനിക്കുന്നു. അതും സ്വന്തം സാമത്ഥ്യംകൊണ്ടല്ല; പ്രത്യുത തിരുക്കുടുംബത്തിന്റെ നേരെയുള്ള ഭക്തിയാൽ മാത്രമാണെന്നു് ആ വിനയമൂത്തി ഏററുപറയുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ചെറുപ്പംമുതല്ക്കേ അദ്ദേഹത്തെ അഭ്യസിപ്പിച്ച ''തിരുക്കുടുംബത്തോടുള്ള ഭക്തി''

അദ്ദേഹത്തിന്റെ സുകൃതജീവിതത്തിനു രൂപം കൊടുക്കുന്നതിനു വളരെയധികം സഹായകരമായി ഭവിച്ചു.

അപ്പൻ, അമ്മ, മക്കൾ ഇവരാണല്ലോ ഒരു കുടുംബത്തിന്റെ സർവ്വപ്രധാന ഘടകങ്ങൾ. ഒരു നല്ലമകനു് അപ്പനോടും അമ്മയോടും സഹോദരീ സഹോദരന്മാരോടും അയൽക്കാരോടും വേലക്കാർ തുടങ്ങിയ ആശ്രിതരോടുമുള്ള ബന്ധം എങ്ങിനെ ആയിരിക്കണമെന്നു് കുര്യാക്കോസച്ചൻ ചെറുപ്രായംമുതല്ക്കേ മനസ്സിലാക്കിയിരുന്നു. തിരുക്കുടുംബം അദ്ദേഹത്തിനു മാതൃകയും പ്രചോദനവും നൽകി. തൽഫലമായി ദൈവത്തെ പ്രിയമുള്ള പിതാവായും, പ. ക. മറിയത്തെ സ്നേഹം നിറഞ്ഞ മാതാവായും, മറ്റുള്ളവരെ തന്റെ വത്സല സഹോദരീ സഹോദരന്മാരായും കാണുന്നതിനും തദനുസരണം വർത്തിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. ഇങ്ങനെ ദൈവത്തിന്റെ പിതൃത്വവും, പ. ക. മറിയത്തിന്റെ മാതൃത്വവും, മനുഷ്യർ തമ്മിലുള്ള ഭ്രാതൃത്വവും ശരിക്കു ഗ്രഹിക്കുകയും അവ തന്റെ ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്തു.

## vi. കുർബാനയുടെ പ്രേഷിതൻ

പരിശുദ്ധ കുർബാനയിൽ അദ്ദേഹം "പ്രിയമുള്ള," "സ്നേഹംനിറഞ്ഞ," "മനോഗുണമുള്ള തന്റെ അപ്പനെ" സദാ കണ്ടിരുന്നു. പ്രിയമുള്ള അപ്പനെ സമീപിക്കുന്ന മക്കളുടെ ഹൃദയം സ്നേഹവികാരങ്ങളാൽ തിങ്ങി വിങ്ങുന്നതു അവരുടെ മുഖകമലങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നതുപോലെ പ. കുർബാനയുടെ മുമ്പാകെ പ്രവേശിച്ചിരുന്ന കുറിയാക്കോസച്ചന്റെ മുഖം സജീവ വിശ്വാസത്താലും സ്നേഹവികാരങ്ങളാലും തിങ്ങിവിങ്ങുന്നതു് ഏവർക്കും സുപരിചിതമായ ഒരു കാഴ്ചയായിരുന്നു. പ. കുർബാനയുടെ മുമ്പാകെ ഭക്തപരവശനായി നില്ക്കുന്ന ദൈവദാസൻ ഒരു മാലാഖ എന്നപോലെ തേജോരൂപനായി കാണപ്പെട്ടിരുന്നു എന്നു ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിരിക്കുന്നു. ജീവിതകാലത്തിന്റെ ഒരു വലിയഭാഗം വി. സക്രാരിയുടെ മുമ്പിൽ അദ്ദേഹം ചെലവഴിച്ചു എന്നു് അതിശയോക്തി കൂടാതെ പറയാവുന്നതാണു്.

ഈ ഭക്തി ചെറുപ്പം മുതല്ക്കേ കുര്യാക്കോസച്ചനിൽ പ്രത്യക്ഷപ്പെട്ടിരുന്നു. കഥാനായകൻതന്നെ "ആത്മാനുതാപ"മെന്ന തന്റെ ആത്മകഥാകഥനത്തിൽ പ്രസ്താവിക്കുന്നതുപോലെ കുർബാനയ്ക്കുള്ള തക്സാ എടുത്തു പൊക്കുന്നതിനു തന്റെ പിഞ്ചുകരങ്ങൾക്കു ശക്തിയില്ലാതിരുന്ന പിഞ്ചുപ്രായത്തിൽത്തന്നെ അദ്ദേഹം വിദൂരത്തിലുള്ള തന്റെ ഇടവകപ്പള്ളിയിൽ ആറും തോടും പാടവും കടന്നു പോയി ദിവ്യബലിസമർപ്പണത്തിനു സഹായിച്ചിരുന്നു. പള്ളിപ്പുറം സെമ്മിനാരിയിൽ പ. കുർബാനയുടെ പ്രേഷിതനായിട്ടാണു് ഇദ്ദേഹം പരിലസിച്ചിരുന്നതു്. പുരോഹിതനായതിനോടെ കേരളത്തിന്റെ നാനാഭാഗങ്ങളിലും ഈ ഭക്തിയുടെ വിശിഷ്ടഫലങ്ങളെ ഇദ്ദേഹം വിതരണം ചെയ്യുവാൻ തുടങ്ങി.

കേരളസഭയുടെ ഉദ്ധാരണത്തിൽ പ. കുർബാനയുടെ നേരെയുള്ള ഭക്തിയുടെ പ്രചരണം ഒരു പ്രധാനോപകരണമായി ഇദ്ദേഹം ഉപയോഗപ്പെടുത്തി. ഇദ്ദേഹത്തിന്റെ "ചാവരുളി"ൽ ഇതുസംബന്ധമായി നിഷ്കർഷാപൂർവ്വകമായ നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ടു്. തന്റെ ആദ്ധ്യാത്മിക പുത്രരായ സന്യാസികളിലും സന്യാസിനികളിലും ഈ ഭക്തി ഉജ്ജ്വലിപ്പിക്കുന്നതിനു് ഇദ്ദേഹം അതീവ ജാഗരൂകനായിരുന്നു. അന്നു് അനുദിന ദിവ്യകാരുണ്യസ്വീകരണം അനുവദിക്കപ്പെട്ടിരുന്നില്ല. എങ്കിലും തിരുസ്സഭയുടെ നിയമം അനുവദിക്കുന്നിടത്തോളം അടുത്തടുത്തു് പ. കുർബ്ബാന സ്വീകരിക്കുവാൻ ഇദ്ദേഹം അവരെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിച്ചിരുന്നു. പ. കുർബാനയുടെ തിരുനാളിന്റെ എട്ടു ദിവസവും പ. കുർബാന പരസ്യമായി സ്ഥാപിച്ചുകൊണ്ടു് എല്ലാ ആശ്രമദേവാലയങ്ങളിലും കുർബ്ബാനയുടെ കാനൻജപം നടത്തുന്നതിനിദ്ദേഹം ഏർപ്പാടുചെയ്തു. ഇദ്ദേഹം കൊവേന്തകളിൽ നടപ്പാക്കിയ "നാല്പതുമണിയാരാധന" വഴിയായി ഈ ഭക്തിക്കു് കേരളത്തിലുണ്ടായിട്ടുള്ള പ്രചാരവും തന്മൂലം വിശ്വാസികൾക്കു സിദ്ധിക്കുന്ന ആദ്ധ്യാത്മിക നന്മകളും അത്ഭുതാവഹമെന്നേ പറയേണ്ടതുള്ളു.

ദൈവാലയവും ദൈവാലയോപകരണങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിലും, മതകർമ്മങ്ങൾ കൃത്യമായും സംപൂജ്യമായും നടത്തുന്നതിലും ഇദ്ദേഹം പ്രത്യേകം ശ്രദ്ധപതിച്ചിരുന്നു.

## ദൈവമാതൃഭക്തി

മിശിഹായുടെ മനുഷ്യാവതാരപരമരഹസ്യത്തോടു ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണു ദൈവമാതൃഭക്തി. വിശുദ്ധന്മാരോടുള്ള സാമാന്യഭക്തിപോലെയല്ല ഇതു ; മിശിഹായെപ്പററി ശ്ലീഹന്മാർ എവിടെയെല്ലാം പ്രസംഗിച്ചുവോ അവിടെയെല്ലാം ദൈവമാതാവിനെപ്പററിയും പ്രസംഗിച്ചിരുന്നു. ആകയാൽ "മിശിഹായിലുള്ള വിശ്വാസത്തിൻെറ പൂർത്തീകരണമത്രെ ദൈവമാതൃഭക്തി" എന്നാണു് ഫാ വില്യം ഫേബർ പ്രസ്താവിക്കുന്നതു്.

നമ്മുടെ കഥാനായകനിൽ ആദ്യമായി ഈ ഭക്തി അങ്കുരിപ്പിച്ചതു് ഇദ്ദേഹത്തിൻെറ അമ്മയായിരുന്നു. ഭക്തിയുള്ള ഈ സ്ത്രീ മുലപ്പാലോടുകൂടിത്തന്നെ, ഇദ്ദേഹത്തെ ഈ ഭക്തിയിൽ വളർത്തിവന്നു. അതായിരുന്നു ഇദ്ദേഹത്തിൻെറ സർവ്വഗുണങ്ങൾക്കും നിദാനം. ദിവ്യജനനിക്കു പ്രതിഷ്ഠിതവും അന്നത്തെപ്പോലെ ഇന്നും പ്രസിദ്ധവുമായ വെച്ചൂർ പള്ളിയിൽ ഈ കുടുംബനായിക തൻെറ പുത്രനെ മുലകുടിപ്രായത്തിൽത്തന്നെ കൊണ്ടുപോയി ദൈവമാതാവിനു അടിമവച്ചതിനെപ്പററിയും പിന്നീടു മനസാ വാചാ, കർമ്മണാ, ഈ സ്വർഗ്ഗീയനാഥയുടെ ഉത്തമ പുത്രനായും ജീവിപ്പാൻ പഠിപ്പിച്ചതിനെക്കുറിച്ചും ദൈവദാസൻതന്നെ തൻെറ "ആത്മാനുതാപം" എന്ന കൃതിയിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ സാധാരണ സംഭാഷണംതന്നെ ശ്രോതാക്കളെ ദൈവമാതൃഭക്തിയിലേയ്ക്കു ആകർഷിക്കത്തക്കതായിരുന്നു എന്നു് അനുഭവസ്ഥർ പറയുന്നു. പ. ക. മറിയത്തിൻെറ അപദാനങ്ങളെ വർണ്ണിക്കുന്നതു് ഇദ്ദേഹത്തിനു അത്യന്തം ആമോദപ്രദമായ കാര്യമായിരുന്നു. ഇദ്ദേഹത്തിൻെറ കൃതികൾ പരിശോധിച്ചാലും ദൈവമാതാവിനെപ്പററി ധാരാളം പ്രതിപാദിച്ചിട്ടുള്ളതാ

യിക്കാണാം. ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഈ നാ ഥതന്നെയായിരുന്നു ഇദ്ദേഹത്തിൻെറ ഏകാവലംബം. മാതാപിതാക്കന്മാരുടെയും ഏക സഹോദരൻെറയും ദേഹ വിയോഗത്തിൽ നേരിട്ട അവണ്ണനീയമായ ദുഃഖത്തിലും ഇദ്ദേഹത്തിനുണ്ടായിരുന്ന ഏകാശ്വാസം ഈ സ്വർഗ്ഗീയ നായികയല്ലാതെ മററാരുമായിരുന്നില്ല.

## പരസ്നേഹം

"ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും, സ ഹോദരനെ ദ്വേഷിക്കയും ചെയ്യുന്നവൻ കള്ളം പറയുന്നു:" ഈ വേദവാക്യപ്രകാരം ദൈവത്തെ യഥാത്ഥമായി സ്നേ ഹിക്കുന്നവനിൽ പരസ്നേഹം ഉണ്ടാകാതിരിപ്പാൻ നിവൃ ത്തിയില്ല. കുര്യാക്കോസച്ചനിൽ ദൈവസ്നേഹം എപ്രകാ രം എരിഞ്ഞിരുന്നു എന്നു മുമ്പു പ്രസ്താവിച്ചുകഴിഞ്ഞു. ഈ സ്നേഹത്തിനനുസൃതമായ പരസ്നേഹവും മാതൃകായോ ഗ്യമായ വിധത്തിൽ ഇദ്ദേഹത്തിൽ ശോഭിച്ചിരുന്നു. "അ ന്യന്മാക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിൻെറ ആയുസ്സിൻെറ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ശേഷംപേർ നിന്നെ ഭയപ്പെടണം എന്നതിനേക്കാ നി ന്നെ സ്നേഹിക്കണം എന്നു ആഗ്രഹിക്ക." കുര്യാക്കോസ ച്ചൻെറ ഈ ഉപദേശശകലങ്ങൾ അദ്ദേഹത്തിൻെറ ജീവി താദൾത്തെ വെളിവാക്കുന്നു.

അദ്ദേഹത്തിൻെറ ആത്മപിതാവായിരുന്ന ലെയോ പ്പോൾദു മിഷനറി ഇങ്ങനെ പ്രസ്താവിക്കുന്നു. "കൂട്ടരോ ടെല്ലാവരോടും എല്ലാപ്പോഴും നല്ല ഉപവിയും സന്തോഷ വുമായി ചെറുപ്രായക്കാക്കു എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു." കുറവിലങ്ങാട്ടുപള്ളി ഇടവകക്കാരൻ 40 വയസ്സു പ്രായമു ള്ളവനും മന്ദബുദ്ധിയുമായ പീലിപ്പോസ് ശെമ്മാശ്ശനെ സുറിയാനിഭാഷ പഠിപ്പിക്കുന്നതിലും മററും പ്രദശിപ്പിച്ച ക്ഷമയും അയാളോടുണ്ടായിരുന്ന സഹതാപവും ഈ ഘട്ട ത്തിൽ സ്മരണീയമാണു്. വൈദികനായശേഷം ഇദ്ദേഹ ത്തിൻെറ പരസ്നേഹം പൂവ്വാധികം പ്രശോഭിക്കുവാൻ തുട

ങ്ങി. മസൂരിരോഗം പിടിച്ച് ആസന്നമരണനായിക്കിടന്നിരുന്ന ഒരാളെ രോഗശയ്യയിൽ സഹായിപ്പാൻപോയ ആ സംഭവം ഇന്നും ആളുകൾ പ്രകീൎത്തിക്കുന്നു. എത്രയെത്ര ജോലിയിൽ നിമഗ്നനായിരുന്നാലും ഇദ്ദേഹത്തോടു കുമ്പസാരിക്കുവാൻ വരുന്നവരോടു ഒരിക്കലും ഒഴിവുകഴിവു പറഞ്ഞയച്ചിട്ടില്ല. മാത്രമല്ല, ക്രമമായി ഇദ്ദേഹത്തോടു കുമ്പസാരിച്ചിരുന്നവരുടെ എണ്ണവും ഒട്ടും കുറവല്ലായിരുന്നു.

കൈനകരിയിൽ ഇന്നും കാണപ്പെടുന്ന ആതുരശാല ദൈവദാസൻെറ ദീനദയാലുത്വത്തിൻെറ സ്മാരകസ്തംഭം എന്നോണം പരിലസിക്കുന്നു. ഈദൃശപ്രസ്ഥാനം കേരളത്തിൽ കേവലം അജ്ഞാതമായിരുന്ന ആ കാലത്തു് നാനാതരങ്ങളായ കൃത്യാന്തരങ്ങളുടെ മദ്ധ്യേ ഈ വിഷയത്തിലും ശ്രദ്ധ പതിപ്പാൻ അവസരം കണ്ടെത്തിയതിലാണു് ഇദ്ദേഹത്തിൻെറ പരസ്നേഹത്തിൻെറ മാററു് തെളിഞ്ഞുകാണുന്നതു്. ദൈവദാസൻെറ പരസ്നേഹം സൎവ്വോപരി തെളിഞ്ഞുകാണുന്നതു് ഇദ്ദേഹത്തിൻെറ ശത്രുക്കളോടുള്ള പ്രവൎത്തനത്തിലാണു്. തൻെറ ജീവിതകാലത്തു് പലരിൽനിന്നും പലതരത്തിലുള്ള ഉപദ്രവങ്ങൾ ഇദ്ദേഹത്തിനു നേരിട്ടിട്ടുണ്ടു്. അപ്പോഴെല്ലാം, ''നിൻെറ വലത്തെ ചെകിടിൽ അടിക്കുന്നവനു് നിൻെറ ഇടത്തെ ചെകിടുകൂടി കാണിച്ചുകൊടുക്കുക'' എന്ന മിശിഹായുടെ പ്രമാണമാണു് ഈ ക്രിസ്തുശിഷ്യൻ ജീവിതാദൎശമായി സ്വീകരിച്ചിരുന്നതു്.

മുട്ടുചിറ ഇടവകക്കാരൻ ഒരു കത്തോലിക്കനു് മാന്നാനം ആശ്രമംവക നിലങ്ങളും മററും പാട്ടത്തിനുകൊടുത്തിരുന്നു. പാട്ടക്കുടിശിഖയ്ക്കു കേസ്സുകൊടുക്കേണ്ടതായി വന്നു. അതിനെതിരായി മേല്പറഞ്ഞ ആൾ ഒരു കള്ളക്കേസ്സു കൊടുക്കുകയും ദൈവദാസനെ കക്ഷിചേൎത്തു് വിസ്തരിക്കേണ്ടതായിവരികയും ചെയ്തു. ഈ കേസ്സു് ജഡ്ജി തള്ളിക്കളഞ്ഞു. മാത്രമല്ല, ദൈവദാസനെപ്പററി വളരെ പ്രശംസയായിട്ടു അയാൾ സംസാരിക്കയും ചെയ്തു. ഈ കള്ളക്കേസ് കൊടുത്തവനെപ്പററി ദൈവദാസൻ തൻെറ മരണ പത്രികയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''മാന്നാ

നത്തു കൊവേന്തക്കാരു ഈ ആളിൻെറ തറവാട്ടിനു കഴിയു ന്ന ഉപകാരസഹായം ചെയ്യണം. ഇതിനാൽ കർത്താവി ൻെറ ശിഷ്യക്കടുത്ത ഒന്നാമത്തെ മാതൃകയാകും.''

സ്വസഹോദരങ്ങളുടെ ആത്മരക്ഷയിൽ ദൈവദാസ നുണ്ടായിരുന്ന തീക്ഷ്ണമായ അഭിനിവേശവും അതിനു വേണ്ടി അദ്ദേഹം സഹിച്ച ത്യാഗങ്ങളും ക്രിസ്തീയപര സ്നേഹത്തിൻെറ അത്യുൽകൃഷ്ടവും അതിസ്വാഭാവികവുമാ യ പ്രകടനമായിരുന്നു. സഭയുടെ ഐക്യത്തിൽനിന്നു വ്യതിചലിച്ചുപോയ ശീശ്മക്കാരോട് അദ്ദേഹം വൈ രാഗ്യം പുലർത്തിയിരുന്നില്ല. അപഥസഞ്ചരണം ചെയ്തി രുന്ന അവരെ അദ്ദേഹം അനുകമ്പാപുരസ്സരം വീക്ഷിച്ചി രുന്നു. അനുതാപഗ്രസ്തരായി തിരിച്ചുവരുന്നവരെ അദ്ദേ ഹം പൈതൃകമായ സ്നേഹത്തോടുകൂടി സ്വീകരിച്ചിരുന്നു. നെസ്തോറിയൻ പാത്രിയാക്കിസിൽനിന്നു മെത്രാൻ പട്ടം സ്വീകരിച്ചു കുറേനാൾ അലഞ്ഞുതിരിഞ്ഞു നടന്നശേഷം പശ്ചാത്തപിച്ചു മടങ്ങിവന്ന തൊണ്ടനാട്ട് അന്തോനി അ ച്ചനെ ദൈവദാസൻ എത്ര സ്നേഹപുരസ്സരമാണ് മാന്നാ നം ആശ്രമത്തിൽ സ്വീകരിച്ചത്. വരാപ്പുഴ മെത്രാപ്പോ ലീത്തായുടെ പക്കൽ ദൈവദാസൻചെയ്ത നിവേദനങ്ങളു ടേയും ശുപാർശകളുടേയും ഫലമായിട്ടാണ് ആ ധൂർത്തപുത്ര ന് മാന്നാനം കൊവേന്തയിൽ അഭയം പ്രാപിക്കുവാൻ അ നുവാദം ലഭിച്ചത്. ശീശ്മയുടെ അന്ത്യഘട്ടത്തിൽ റോ ക്കോസിനോടു ദൈവദാസൻ പ്രദർശിപ്പിച്ച അനുകമ്പയും ശീശ്മയിൽനിന്ന് അയാളെ പിന്തിരിപ്പിക്കുവാൻ ചെയ്ത പരിശ്രമങ്ങളും അദ്ദേഹത്തിൻെറ ക്രിസ്തുശിഷ്യനനുയോ ജ്യമായ പരസ്നേഹചൈതന്യത്തെ ഒന്നുകൂടി സ്പഷ്ടമാക്കുന്നു.

## സാന്മാർഗ്ഗിക സുകൃതങ്ങൾ

സാന്മാർഗ്ഗിക സുകൃതങ്ങളുടെ അടിസ്ഥാനവും കിരീ ടവുമായ വിവേകം അനന്യസാധാരണമായ വിധത്തിൽ കുര്യാക്കോസച്ചനുണ്ടായിരുന്നു. സന്യാസ സഭകളുടെ സ്ഥാപകൻ, പ്രിയോർ ജനറൽ, വികാരി ജനറൽ, ഈ നിലകളിലുള്ള അദ്ദേഹത്തിൻെറ ചെയ്തികളോരോന്നും അ

ദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന വിവേകത്തെ പ്രസ്പഷ്ടമാക്കുവാൻ പോരുന്നവതന്നെ. വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ചില കല്പനകളെ ഉഗ്രമായി എതിർത്തിരുന്നവരെക്കൊണ്ടു് അവ അംഗീകരിപ്പിക്കുന്ന രീതിയും, കക്ഷിവഴക്കുകൾകൊണ്ടു നട്ടംതിരിഞ്ഞിരുന്ന പള്ളികളിൽ, മാത്സര്യത്തിൻെറയും ദുർവാശിയുടെയും കരിങ്കാറു നിറഞ്ഞ അന്തരീക്ഷത്തിൽ പ്രശാന്തനായിനിന്നു അദ്ദേഹം സത്യം കണ്ടുപിടിക്കുന്ന വിധവും അതീവ ദുഷ്കരങ്ങളായ കാര്യങ്ങൾ നടത്തുന്നതിനു വളരെ ലഘുവും പ്രായോഗികവുമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും പരിശോധിക്കുന്നതായാൽ എത്ര ഉന്നതമായ നിലയിൽ വിവേകം എന്ന സുകൃതം ഇദ്ദേഹത്തിൽ പ്രശോഭിച്ചിരുന്നു എന്നു കാണാവുന്നതാണു്. നിഷ്പക്ഷതയോടും ഉപവിയോടുംകൂടി നീതിനിർവഹിക്കുവാൻ ഇദ്ദേഹത്തെ പ്രാപ്തനാക്കിയതും ഈ സുകൃതംതന്നെ.

## സഹനം, ത്യാഗം

ഈ പാവനചരിതൻെറ ജീവിതം സഹനത്തിൻെറ ഒരു നീണ്ടകഥയാണു്. കുടുംബസ്വത്തിൻെറ ഏകാവകാശിയായിരുന്നെങ്കിലും അവയെല്ലാം സസന്തോഷം പരിത്യജിച്ചു് മ്ശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുവാൻ ഇദ്ദേഹത്തെ പ്രേരിപ്പിച്ച ത്യാഗചൈതന്യം മരണംവരെ സദാ ദൈവാഭിമുഖമായിത്തന്നെ ജീവിക്കുവാൻ ഇദ്ദേഹത്തിനു പ്രേരണയും ശക്തിയും നൽകിക്കൊണ്ടിരുന്നു. ഇദ്ദേഹത്തിൻെറ ആത്മപിതാവായിരുന്ന ലിയോപ്പോൾദ് മിഷ്യനറി എഴുതുന്നു: "കൂട്ടത്തിനടുത്ത പ്രവൃത്തികൾക്കെല്ലാം പ്രഥമനായിക്കൊണ്ടും, ഭക്ഷണത്തിലോ വസ്ത്രത്തിലോ യാതൊരു പ്രത്യേകതയില്ലാതേയും ജീവിച്ചു. പൊതുവായിട്ടനുവദിക്കപ്പെട്ടിരുന്നതല്ലാതെ തൻെറ മുറിയിൽ ആഡംബരത്തിനടുത്ത യാതൊന്നും ഇല്ലായിരുന്നു." ഇതുകൊണ്ടാണല്ലോ ഒരിക്കൽ വരാപ്പുഴ മെത്രാപ്പോലീത്താ ഇദ്ദേഹത്തിൻെറ മുറിയിൽ വന്നപ്പോൾ പെട്ടിപ്പുറത്തിരിക്കുന്നതിനിടയായതു്.

പള്ളിപ്പുറം സെമ്മിനാരിയിൽ വൈദിക വിദ്യാ ൎത്ഥിയായി പഠിച്ചിരുന്നപ്പോഠം അദ്ദേഹത്തെ ബാധിച്ച വാതപ്പനി മരണംവരെ ദൈവദാസനെ പീഡിപ്പിച്ചുകൊ ണ്ടിരുന്നു. ഡോക്ടർ ഗന്ധർ, പ്രസിദ്ധ ഭിഷഗ്വരനായിരു ന്ന അരണാട്ടുകര മാത്തുത്തരകൻ മുതലായവർ അഭിപ്രാ യപ്പെട്ടതുപോലെ ദൈവദാസൻെറ മരണത്തിനു കാരണ മായ രോഗം Appoplesia Phlegmatica, എന്നതായി രുന്നു. കഫം വർദ്ധിക്കുന്നതുകൊണ്ടുണ്ടാകുന്ന ഒരുതരം തള ൎവ്വാതമാണീ രോഗം. കുനമ്മാവുകൊവേന്തയുടെ നാളാഗ മം 130_ാം പക്ഷത്തിൽ പ്രസ്താവിക്കുന്നതുപോലെ ഈ രോഗത്തിൻെറ ലക്ഷണങ്ങളും തൽഫലമായ അസ്വാസ്ഥത കളും വളരെ നേരത്തേതന്നെ കഥാപുരുഷനിൽ പ്രത്യക്ഷ പ്പെട്ടിരുന്നു. തന്നിമിത്തം ഞരമ്പുകളും മാംസപേശികളും പലപ്പോഴും വലിച്ചുകോച്ചുകയും അതിദുസ്സഹമായ വേദ ന അനുഭവിക്കുകയും ചെയ്തിരുന്നു. സതീൎത്ഥ്യനായ മഞ്ഞു മ്മേൽ ബ. ളൂവീസച്ചൻ എഴുതുന്നു: "വാതരോഗംനിമിത്തം പലപ്പോഴും കാലുവലിച്ചും ഏന്തിയുമാണു് അദ്ദേഹം നട ന്നിരുന്നതു്." ഇങ്ങനെയുള്ള ദുസ്സഹമായ വേദന സഹി ച്ചുകൊണ്ടാണു്, യാത്രാസൗകര്യം അശ്ശേഷമില്ലാതിരുന്ന അക്കാലത്തു് ദൈവികകാര്യങ്ങഠക്കുവേണ്ടി കഥാപുരു ഷൻ കേരളം മുഴുവനും ചുററി നടന്നിരുന്നതു്. ഇപ്രകാര മുള്ള ഒരു യാത്രതന്നെ ആയിരുന്നു അദ്ദേഹത്തിൻെറ അ ന്ത്യകാലത്തെ ആസന്നമാക്കിയതും.

ദൈവദാസനെ വളരെ അടുത്തറിഞ്ഞിട്ടുള്ള മർസ്സീ നോസ്സ് മിഷ്യനറി (പിന്നീടു സുറിയാനിക്കാരുടെ മെ ത്രാൻ)"കേരളത്തിലെ സത്യവേദചരിത്രം" എന്ന പുസ്തക ത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു. "ഏറിയ മാസത്തേയ്ക്കു കഠിനമായ ദീനത്തെ വിശേഷ ക്ഷമയോടെ സഹിച്ചു." ദൈവം തൻെറ ദാസനെ വേദനകളുടെ അഗ്നിയിലിട്ടു കൂടുതലായി ശുദ്ധീകരിക്കുകയായിരുന്നു. ദുസ്സഹമായ വേദന അനുഭവപ്പെട്ടിട്ടും ഇദ്ദേഹത്തിൻെറ മുഖത്തു് സദാ പുഞ്ചിരി ദൃശ്യമായിരുന്നു. കഥാപുരുഷനെ കാണാൻ ചെന്നിരുന്നവരോടെല്ലാം സന്തോഷപൂൎവ്വം സംസാരിക്ക യും അവൎക്കാവശ്യമായ സദുപദേശങ്ങഠ നൽകുകയും ചെ

യ്തിരുന്നു. മാന്നാനം കൊവേന്തയിലേയ്ക്കു രോഗിയെ മാററിത്താമസിപ്പിക്കാമെങ്കിൽ രോഗം സുഖപ്പെടുത്താമെന്നു വൈദ്യന്മാർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിൻെറ കീഴുള്ള സന്യാസികഠം മാന്നാനത്തേയ്ക്കു മാറിത്താമസിക്കുന്നതിനു നിർബ്ബന്ധപൂർവ്വം അദ്ദേഹത്തോടപേക്ഷിച്ചു. അദ്ദേഹത്തെ മാന്നാനത്തേയ്ക്കു കൊണ്ടുപോകുവാൻ, മാന്നാനം കൊവേന്തയുടെ ബ. വികാരിയച്ചനുംമററും വള്ളവുമായി കൂനമ്മാവിൽ വരുകയും ചെയ്തിരുന്നു. എന്നാൽ കൂനമ്മാവിൽത്തന്നെ താമസിച്ചു രോഗത്തിൻെറ പീഡകഠം കൂടുതൽ സഹിക്കുന്നതിനാണു് ദൈവദാസൻ ഇഷ്ടപ്പെട്ടതു്.

## മാതൃകാ സന്യാസി

ലോകമയമായ സകലത്തിൽനിന്നും അകന്നു ജീവിക്കുന്ന സന്യാസികഠംക്കു് ദൈവപ്രമാണങ്ങഠം തിരുസ്സഭയുടെ കല്പനകഠം ഇവ കൂടാതെ സന്യാസനിയമങ്ങളും കൂടെ അവരെ സംരക്ഷിക്കുന്നതിനായിട്ടുണ്ടു്. നിയമവലയങ്ങഠംക്കുള്ളിൽ ജീവിക്കുന്നതാണു് മിശിഹായെ പൂർണ്ണമായി അനുകരിപ്പാൻ എളുപ്പമായ മാർഗ്ഗം. സന്യാസനിയമാനുഷ്ഠാനംകൊണ്ടു മാത്രമേ ലൌകികമായ ആകർഷണങ്ങളിൽ ഉഠംപ്പെടാതെ ധ്യാനനിരതനായി ദൈവത്തോടു യോജിച്ചു ജീവിക്കുവാൻ സാധിക്കുകയുള്ളു. സന്യാസചൈതന്യം പാലിക്കുവാൻ നിയമാനുഷ്ഠാനം ആവശ്യമാണെന്നാണു് സഭാസ്ഥാപകന്മാരെല്ലാവരും ഏകസ്വരത്തിൽ പ്രസ്താവിക്കുന്നതു്.

സഭാംഗങ്ങഠംക്കയച്ച ഒരെഴുത്തിൽ ദൈവദാസൻ ഇപ്രകാരം പറയുന്നു: "കൊവേന്തകളുടെ ഉറപ്പു് ചുമരുകളുടെ ഘനമല്ല. പിന്നയൊ അതിൽ പാക്കുന്നവരുടെ എറിവും പുണ്യവുമായിരിക്കുന്നു. എത്രയോ ദിക്കുകളിൽ ഇതിലധികവും വലിയതുമായ കൊവേന്തകഠം ഉണ്ടായിരുന്നു. എങ്ങനെയെന്നു തിരിയുന്നില്ല, ഇപ്പോഠം ആ സ്ഥലങ്ങഠം കാടും ദുഷ്ടമൃഗങ്ങളുടെ വാസവുമായിരിക്കുന്നു." മററൊരു ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "നമ്മഠം ഒരുത്തരും പട്ടിണികൊണ്ടും ലോകത്തിൽ പൊറുതി ഇല്ലാ

ഞ്ഞിട്ടുമല്ല കൊവേന്തയിൽ കൂടിയതു്, നാം എല്ലാവരും ലോകത്തിൽ നിന്നിരുന്നെങ്കിൽ ലോകസുഖങ്ങളെ അനുഭവിപ്പാൻ വശമുണ്ടായിരുന്നു. തമ്പുരാനെക്കുറിച്ചു് നമ്മുടെ സ്വത്തുക്കളും കാരണവന്മാരെയും ഉപേക്ഷിച്ചു. ഇനി നമ്മുടെ മടിയുപേക്ഷയാലെ നാം തമ്പുരാനേയും ഉപേക്ഷിക്കുമെങ്കിൽ എത്രയോ അബദ്ധം! എത്രയോ ഭ്രാന്തു്!''

സഭാംഗങ്ങളെ ക്രമാനുഷ്ഠാന നിരതരാക്കുന്നതിനു് ഉപദേശത്തേക്കാൾ മാതൃകയാണു് കൂടുതൽ ഫലപ്രദമെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. സഭാനിയമങ്ങൾ നിഷ്കൃഷ്ടമായി പാലിക്കുന്നതിനു് അദ്ദേഹം എല്ലാവരിലും മുൻപനായിരുന്നു. മഞ്ഞുമ്മേൽ ആശ്രമത്തിൽവച്ചു് മരണംപ്രാപിച്ച ബ. ളൂവീസച്ചന്റെ കത്തുകളിൽ ദൈവദാസന്റെ ക്രമാനുഷ്ഠാനനിഷ്ഠയെ താഴെക്കാണുംപ്രകാരം ശ്ലാഘിച്ചിരിക്കുന്നു: ''സഭയുടെ ക്രമാനുഷ്ഠാനത്തിൽ അദ്ദേഹം എന്നും ഒരു നവസന്യാസിയായിരുന്നു. സഭയെ സ്വന്തം അമ്മയെപ്പോലെ സ്നേഹിച്ചിരുന്നു.... കൂട്ടക്രമങ്ങൾ ഒരിക്കലും ഒരു നേരമെങ്കിലും മുടക്കിയിട്ടില്ല.''

അദ്ദേഹം വാർദ്ധക്യത്തിലും രോഗാവസ്ഥയിലും ക്രമാനുഷ്ഠാനത്തിനു് ഒട്ടും ഭംഗം വരുത്തിയിരുന്നില്ല. സഭയുടെ തപശ്ചര്യയിൽ അംഗങ്ങൾ ആഴ്ചയിൽ മൂന്നു പ്രാവശ്യം പരസ്യമായ ദണ്ഡനമേല്ക്കണമെന്നു് നിയമമുണ്ടായിരുന്നു. അവസാനംവരെയും അദ്ദേഹം അതിനു മുടക്കം വരുത്തിയിരുന്നില്ല. മാത്രമല്ല, ''അതിനു ഈ കിഴവൻ ഒന്നാമനായിരുന്നു'' എന്നു് മേല്പറഞ്ഞ ബ. ളൂവീസച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു. പ്രായാധിക്യത്തിലും അദ്ദേഹം പൊതു ഭക്ഷണശാലയിലെ വിഭവങ്ങൾകൊണ്ടു തൃപ്തിപ്പെട്ടിരുന്നു. അദ്ദേഹം വസിച്ചിരുന്ന മുറിയിലെ സജ്ജീകരണങ്ങളും വളരെ ലഘുവായിരുന്നു. കഠിനമായ രോഗംമൂലം അദ്ദേഹത്തിനു ക്ഷീണവും തളർച്ചയും വർദ്ധിച്ചുകൊണ്ടിരുന്നു. കട്ടിലിൽ കയറിക്കിടക്കുകയല്ലാതെ നിവൃത്തിയില്ലെന്നുവന്നു. എങ്കിലും ''വളരെ പ്രയാസപ്പെട്ടു അടുത്ത മുറിവരെ നടന്നുചെന്നു് മൂപ്പച്ചനോടു അനുവാദം ചോദിച്ചശേഷമേ കിടക്കുന്നതിനു മനസ്സായൊള്ളു'' എന്നു കുനമ്മാവു കൊവേന്തയിലെ നാളാഗമത്തിൽ

രേഖപ്പെട്ടത്തിയിരിക്കുന്നു. ഇങ്ങനെ ശയ്യാവലംബിയായിരുന്നപ്പോഴും ധ്യാനം മുതലായവ മുടക്കിയിരുന്നില്ല. കാഴ്ചയില്ലാതിരുന്നതിനാൽ മററുള്ളവരുടെ സഹായത്തോടുകൂടി കാനൻ ജപവും നമസ്കരിച്ചുവന്നു.

അധികാരികളെ മിശിഹായേപ്പോലെ കരുതി സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു. വാർദ്ധക്യദശയിൽ, തൻെറ ശ്രമഫലവും 35 കൊല്ലത്തെ പ്രവത്തനരംഗവുമായ മാന്നാനം കൊവേന്തവിട്ടു കൂനമ്മാവു കൊവേന്തയിൽപോയിതാമസിക്കുന്നതിനാവശ്യപ്പെട്ടപ്പോഠം സസന്തോഷം അദ്ദേഹം ആ ആജ്ഞയ്ക്കു വിധേയനായി.

അധികാരശ്രേണിയിൽ അദ്ദേഹം എത്രമാത്രം ഉയന്നോ അത്രമാത്രം അദ്ദേഹം വിനയമനസ്കനുമായിരുന്നു. അധികാരം അനുസരണത്തിൻെറ പര്യായമായിട്ടാണ് ആ വിനയസമ്പന്നൻ പരിഗണിച്ചിരുന്നത്. പൌരസ്ത്യസഭകഠംക്കായുള്ള തിരുസംഘത്തിൻെറ സെക്രട്ടറിയും മഹാ പണ്ഡിതനുമായ അത്യുന്നത കർദ്ദിനാഠം തിസ്സരാങ്ങ തിരുമേനി 1957 – ൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രാമാണികങ്ങളായ അനേക ചരിത്രരേഖകളെ ആധാരമാക്കി വിരചിച്ചിട്ടുള്ളതുമായ "Eastern Christanity in India" എന്ന പുസ്തകത്തിൽ 109–110 പേജുകളിൽ ദൈവദാസനെപ്പററി ഇങ്ങനെ പറയുന്നു: 'Rokos attempted to win over their superior, Fr. Cyriac Elias Chavara, by offering him episcopal consecration, but the humble religious eluded the temptation. An order of the Vicar Apostolic Mgr. Bernardinus of St. Treesa was necessary before Fr. Cyriac Chavara would accept the title of Vicar General. More over the Vicar Apostolic would have gladly promoted him to the episcopal dignity." "അവരുടെ മേലധികാരിയായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ മെത്രാനായി അഭിഷേചിക്കാമെന്നു വാഗ്ദാനം ചെയ്തുകൊണ്ടു് അദ്ദേഹത്തെ സ്വപക്ഷത്താക്കുന്നതിനു റോക്കോസു് പരിശ്രമിച്ചു. പക്ഷെ വിനയശാലിയായ ആ സന്യാസി (കുര്യക്കോസ് ഏലിയാസച്ചൻ) ആ പ്ര

ലോഭനേങ്ങളെ തള്ളിക്കളഞ്ഞു. വികാരി ജനറൽ എന്ന സ്ഥാനംതന്നെയും ചാവറ കുര്യാക്കോസച്ചൻ സ്വീകരിച്ചതു് വികാരി അപ്പസ്തോലിക്കാ ആയ വി. ത്രേസ്യായുടെ ബെർണ്ണർദീനോസ് മെത്രാനച്ചൻ ഒരു കല്പനമൂലം അദ്ദേഹത്തോടാജ്ഞാപിച്ചപ്പോഠം മാത്രമാണു്. എന്നല്ല, വികാരി അപ്പസ്തോലിക്കാ അദ്ദേഹത്തെ മെത്രാൻസ്ഥാനത്തേയ്ക്കു സസന്തോഷം അവരോധിക്കുമായിരുന്നു.''

സുറിയാനി വിഭാഗത്തിന്മേൽ എല്ലാ അധികാരങ്ങളും നൽകപ്പെട്ടിരുന്നു എങ്കിലും വരാപ്പുഴ വൈദികമേലദ്ധ്യക്ഷൻെറ ആജ്ഞകളെ അക്ഷരംപ്രതി അനുഷ്ഠിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. മരണഹേതുകമായിത്തീൎന്ന രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോഠം കൂനമ്മാവിൽനിന്നു മാന്നാനത്തേയ്ക്കു അദ്ദേഹത്തെ മാററിയാൽ രോഗത്തിനു കുറെ ശമനം കിട്ടിയേക്കാമെന്നു പ്രതീക്ഷിച്ചു് വൈദ്യോപദേശപ്രകാരം പലരും അദ്ദേഹത്തോടു ഔത്സുക്യപൂൎവ്വം അഭ്യൎത്ഥിച്ചു. അപ്പോഠം മെത്രാപ്പോലീത്തായും ലിയോപ്പോഠംദു മിഷനറിയും യൂറോപ്പിനു പോയിരിക്കയായിരുന്നു. തൻെറ ഗുണകാംക്ഷികളോടു ദൈവദാസൻ ഇപ്രകാരമാണു പറഞ്ഞതു്: ''മെത്രാനച്ചനും ലെയോപോഠംദച്ചനും ഞാനിവിടെ താമസിക്കണമെന്നു താല്പര്യമായി എന്നെ ചുമതലപ്പെടുത്തിയിരിക്കകൊണ്ടു് അവരിവിടെ ഇല്ലാത്ത സമയം ഞാനങ്ങോട്ടു പോരുന്നതിനു് എൻെറ മനസ്സാക്ഷി സമ്മതിക്കുന്നില്ല.'' മററുള്ളവരുടെ ആഗ്രഹങ്ങളെപ്പോലും ആജ്ഞകളായി കരുതി ആദരിച്ചിരുന്ന അദ്ദേഹത്തിൻെറ വിനയം അന്യാദൃശംതന്നെ. ഹൃദയത്തിൻെറ എളിമ അദ്ദേഹത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും പ്രകടമായിരുന്നു.

## VI

### അന്തിമവത്സരങ്ങഠം

1869 ആഗസ്ററു മാസത്തിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ, ലിയോപ്പോഠംദു മിഷനറിയോടുകൂടി വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുവാൻ റോമി

ലേക്കു പുറപ്പെട്ടു. തദവസരത്തിൽ പ്രൊ. വികാരി അപ്പ സ്തോലിക്കയായി പീലിപ്പോസ് മിഷനറിയും കൊവേന്തകളുടെ കാര്യാന്വേഷകനായി ജരാർദ്ദ മിഷനറിയും നിയമിതരായി. എന്നാൽ അവർ ഇരുവരുടെയും മേലാവെന്ന നിലയാണു് ദൈവദാസനു നൽകപ്പെട്ടതു്. എല്ലാക്കാര്യങ്ങളും കുര്യാക്കോസ് ഏലിയാസച്ചന്റെ അഭിപ്രായം പോലെ നടത്തണമെന്നു് മെത്രാപ്പോലീത്താ പ്രത്യേകം കല്പിച്ചിരുന്നു.

അധികം താമസംകൂടാതെ ദൈവദാസൻ ഭരണങ്ങാനത്തിനുചെയ്ത ഒരു യാത്രയിൽ മുൻപെതന്നെ ഉണ്ടായിരുന്ന വാതപ്പനി വർദ്ധിക്കുകയും, അതിനെ തുടൎന്നു കണ്ണിന്നു സുഖമില്ലാതാകയും ഇവ രണ്ടിന്റേയും ഫലമായി ശരീരത്തിനു വലിയ ക്ഷീണം നേരിടുകയുംചെയ്തു. അപാരമായ വേദനക്കു വിധേയനായി മൂന്നു മാസത്തോളം രോഗശയ്യയെ അവലംബിക്കേണ്ടിവന്നെങ്കിലും അക്ഷമയുടെ യാതൊരു ലക്ഷണവും പ്രദശിപ്പിക്കയുണ്ടായിട്ടില്ല എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. മാത്രമല്ല, തന്നെ കാണ്മാൻ വന്നിരുന്ന എല്ലാവരേയും സന്തോഷിപ്പിക്കുവാൻ ഇദ്ദേഹത്തിനു് ഒരു പ്രത്യേക സാമത്ഥ്യവുമുണ്ടായിരുന്നു.

1870 നവംബർ 8_ാം നു- മെത്രാപ്പോലീത്താ മടങ്ങിയെത്തിയപ്പോഴേക്കും ദൈവദാസൻ മിക്കവാറും അവശനായിത്തീൎന്നിരുന്നു. ലെയോപോാദ്ദ മിഷനറിയും, കുര്യാക്കോസച്ചനുമായുള്ള കൂടിക്കാഴ്ച ഏററവും ഹൃദയസ്പൃക്കമായിരുന്നു. ആനന്ദാതിരേകത്താൽ ഇരുവരും അശ്രുധാര ഒഴുക്കിക്കൊണ്ടു് ഗാഢമായി ആശ്ലേഷിച്ചു. അനന്തരം മററെല്ലാവരെയും ആ മുറിയിൽനിന്നു പുറത്താക്കിയുംവച്ചു് ആ പുണ്യാത്മാക്കൾ ഏകദേശം രണ്ടു മണിക്കൂറോളം രഹസ്യസംഭാഷണത്തിൽ കഴിച്ചുകൂട്ടി. തന്റെ അന്ത്യം അത്ര വിദൂരമല്ലെന്നു മനസ്സിലാക്കിയ ആ പുണ്യാത്മാവു് ജപധ്യാനാദികളിൽ ആത്മാവിനെ ആമഗ്നമാക്കിക്കൊണ്ടു തന്റെ അന്ത്യയാത്രക്കുള്ള ഒരുക്കങ്ങൾ പൂൎവ്വാധികം തീക്ഷ്ണതയോടെ ചെയ്തു. തന്നെ സന്ദശിക്കാൻ വരുന്നവർ ആദ്ധ്യാത്മികകാര്യങ്ങളെപ്പററി മാത്രമേ സംസാരിക്കാവൂ എന്നു

ദൈവദാസൻേറതായ ഒരു വിജ്ഞാപനം മുറിയുടെ വാതിലിൽ പതിച്ചിരുന്നു. ഇതേപ്പററി ലിയോപോൾദ് മിഷനറി ഇങ്ങനെ പ്രസ്താവിക്കുന്നു: 'ജ്ഞാനപുസ്തകങ്ങളും പ്രത്യേകമായി പുണ്യവാന്മാരുടെ ചരിത്രങ്ങളും തൻെറ മക്കളായ സന്യാസികളെക്കൊണ്ടു് വായിപ്പിച്ചു കേട്ടിരുന്നു. വിശേഷിച്ചു 'നൽമരണായത്തപുസ്തകത്തിലെ പല ജപങ്ങളും വായിപ്പിക്കുകയും താൻകൂടെ ചൊല്ലുകയും ചെയ്തിരുന്നു. പാട്ടപോലെ അടുക്കലടുക്കൽ ശുദ്ധകുർബാന ഉൾക്കൊണ്ടിരുന്നു. തന്നെ കാണുവാൻ ചെല്ലുന്ന സകലരോടും വളരെ നന്ദിയോടും സന്തോഷത്തോടുംകൂടെ സംസാരിക്കയും ഓരോരുത്തരുടെയും സ്ഥിതിക്കനുസരണമായ സൽബുദ്ധികൾ പറഞ്ഞുകൊടുക്കയും ചെയ്തിരുന്നു. ഡോക്ടർ ഗന്തർ, ബ്രദർ നിക്കാവോസ്, അരനാട്ടുകര തരകൻ, മുതലായവർ സശ്രദ്ധം ചികിത്സിച്ചിട്ടും രോഗത്തിനു ശമനമൊന്നുമുണ്ടായില്ല.

"The Christian should drink life like water and death like wine" ഒരു ക്രിസ്ത്യാനി ജീവിതത്തെ വെള്ളംപോലെയും മരണത്തെ വീഞ്ഞുപോലെയും പാനം ചെയ്യണം" എന്നു് സുപ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനായ ചെസ്റ്റർട്ടൻ എഴുതിയിട്ടുള്ളതുപോലെ ഈ വന്ദ്യദേഹം തൻെറ അന്ത്യനിമിഷങ്ങളെ സാനന്ദം സ്വാഗതംചെയ്തുകൊണ്ടു കിടന്നിരുന്നു.

1871 ജനുവരി രണ്ടാം തീയതി രാവിലെ പതിവുപോലെ അദ്ദേഹം പാപസങ്കീർത്തനം ചെയ്തശേഷം ദിവ്യകാരുണ്യം സ്വീകരിച്ചു. അന്നു് ഉച്ചകഴിഞ്ഞു് പതിവില്ലാതെ ഒരു ഓക്കാനവും ഛർദ്ദിയും തുടങ്ങി. ബ്രദർ നിക്കാവോസ് അതിനു ചെയ്ത പ്രതിവിധികളെല്ലാം നിഷ്ഫലമായതേയുള്ളു.

മരണം ആസന്നമായിരിക്കുന്നു എന്നു മനസ്സിലാക്കി തനിക്കു അന്ത്യകൂദാശകൾ തരണമെന്നു ദൈവദാസൻ ആവശ്യപ്പെട്ടു. തൻെറ ആദ്ധ്യാത്മികപിതാവായ ലെയോപോൾദച്ചൻതന്നെ അതു നൽകണമെന്ന അഭിലാഷവും അദ്ദേഹം അറിയിച്ചു. തൻെറ ആത്മബന്ധുവിൻെറ മരണം സുനിശ്ചിതമായിക്കഴിഞ്ഞു എന്നു ബോ

ദ്ധ്യമായപ്പോൾ ആ സ്നേഹസമ്പന്നനായ മിഷനറി ദുഃഖാർത്തനായി അടുത്ത മുറിയിൽ ഒരു കട്ടിലിന്മേൽ കിടന്നു കരയുകയായിരുന്നു. അന്ത്യകൂദാശകൾ കൊടുക്കുവാൻ തനിക്കു കഴിവില്ല എന്നു് അദ്ദേഹം പറഞ്ഞു. ഒടുവിൽ കൂനമ്മാവു കൊവേന്തയുടെ അന്നത്തെ വികാരി ബ. യോഹന്നാൻ ക്രൂസിൻെറ യൗസേപ്പച്ചൻ അന്ത്യകൂദാശകൾ നൽകണമെന്നു നിശ്ചയിക്കപ്പെട്ടു.

1871 ജനുവരി 2-ാം തീയതി രാത്രി ഏഴു മണിക്കു് ആശ്രമസ്ഥരെല്ലാവരും തങ്ങളിൽനിന്നു എന്നന്നേയ്ക്കുമായി പിരിയുവാൻപോകുന്ന ആ സ്നേഹപിതാവിൻെറ മുറിയിൽ വന്നുകൂടി. നെടുവീർപ്പോടും നനഞ്ഞ കണ്ണുകളോടുംകൂടി അവർ രോഗിയുടെ കട്ടിലിനു ചുററും മുട്ടുകുത്തി. താങ്ങാനാവാത്ത ഹൃദയവ്യഥമൂലം ചിലർ പൊട്ടിക്കരഞ്ഞിരുന്നു. താൻ 25 സംവത്സരത്തോളം സ്നേഹിച്ചും ഉപദേശിച്ചും ആദ്ധ്യാത്മീയപോഷണം നൽകിയും വളത്തിയിരുന്ന ആ സന്യാസഗണം അന്ത്യയാത്ര പറയുവാനായി തൻെറ ചുററും കൂടിനില്ക്കുന്നതു കണ്ടു് ആർദ്രചിത്തനായിത്തീന്ന ആ സ്നേഹമുള്ള പിതാവു് തലനിവത്തി ശയ്യയിൽ ചാരി ഇരുന്നുകൊണ്ടു് അവരോടായി ഭക്തിപ്രചുരവും, സ്നേഹനിർഭരവുമായ കുറെ വചസ്സുകൾ ഉച്ചരിച്ചു. "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മനുഷ്യൻ ആരുതന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോഴാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓത്തു് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറേനാൾ മുൻപുതുടങ്ങി ഞാൻ ചെയ്തുവന്നു. ഭക്തിയുള്ള എൻെറ മാതാപിതാക്കന്മാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഓപ്പിക്കുകയും ഇതുപോലെ (കട്ടിലിൻെറ അരികിൽ ഇരുന്നിരുന്നതും എപ്പോഴും കാണത്തക്കവിധം തൻെറ മേശയിൽ വച്ചിരുന്നതുമായ രൂപത്തെ കാണിച്ചുകൊണ്ടു്) എപ്പോഴും എൻെറ ഹൃദയത്തിൽ ഞാൻ കാക്കയും ഓക്കുകയും വണങ്ങുകയും ചെയ്തു വന്നിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ടു് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവഇഷ്ടപ്രസാദത്തെ

നശിപ്പിക്കുന്നതിനു് ഇടയായിട്ടില്ല എന്നു പറയുന്നതിനു് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ടു്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു....''

തൻെറ അന്ത്യോപദേശം അവസാനിച്ച ഉടൻ ''ഒപ്ര്ം ശ്ശമാ'' എന്നദ്ദേഹം പറഞ്ഞു. അപ്പോ൦ ആശ്രമവികാരി, പിതാവിൻെറ വാഴ്‌വു് ഇവിടെ നില്ക്കുന്ന ഞങ്ങ൦ക്കും സഭയിലുള്ള എല്ലാവക്കും തരണമെന്നു് അപേക്ഷിക്കുകയും ദൈവദാസൻ മുറപ്രകാരമുള്ള വാക്കുക൦ ഉച്ചരിച്ചുകൊണ്ടു് കൈ ഉയത്തി എല്ലാവരേയും ആശീവ്വദിക്കുകയും ചെയ്തു. അതിനുശേഷം നിവന്നു കിടന്നു് സുബോധത്തോടുകൂടി അന്ത്യകൂദാശക൦ സ്വീകരിച്ചു.

പിന്നീടു അധികമൊന്നും സംസാരിച്ചിരുന്നില്ല. ഇടക്കിടെ ഓക്കാനവും ഛർദ്ദിയും ഉണ്ടായിക്കൊണ്ടിരുന്നു. രാത്രി എട്ടു മണിക്കു ചില ഔഷധങ്ങ൦ കഴിച്ചതോടുകൂടി അതു നീങ്ങി. കുറേ കഴിഞ്ഞപ്പോ൦ മയക്കം വദ്ധിച്ചു വലിവു തുടങ്ങി. രാത്രി 12 മണിക്കുശേഷം യാതൊന്നും സംസാരിച്ചിട്ടില്ല.

ജനുവരി 3-ാംനു- രാവിലെ രോഗിക്കു കുറെ ആശ്വാസമുണ്ടെന്നു തോന്നുകയാൽ അച്ചന്മാരിൽ ചിലർ ദിവ്യബലി അർപ്പിക്കുന്നതിനും നവ സന്യാസികളും മററും ദിവ്യബലിയിൽ സംബന്ധിക്കുവാനുമായി ദേവാലയത്തിലേക്കു പോയി. ഏഴരമണിയോടടുത്തു് ഒരു ഭാവപ്പകർച്ച കണ്ടു. അല്പനേരത്തിനുള്ളിൽ അദ്ദേഹം തൻെറ പരിപൂതമായ ആത്മാവിനെ സ്രഷ്ടാവിൻെറ കരങ്ങളിൽ അപ്പിക്കുകയും ചെയ്തു. 4-ാംനു- ബുധനാഴ്ച, കേരളം ഒന്നടങ്കം ചേന്നു് അത്യാഡംബരപൂവ്വമുള്ള സംസ്കാരകർമ്മം കൂനമ്മാവു, വി. ഫിലോമിനായുടെ ആശ്രമദേവാലയത്തിൽ നടത്തി. ശവമഞ്ചത്തിൽ പോരൂക്കര കുര്യാക്കോസച്ചൻെറ കയ്യൊപ്പോടുകൂടി താഴെപ്പറയുന്ന വാക്യങ്ങ൦ ഈയത്തകിടിൽ കൊത്തി നിക്ഷേപിക്കുകയുണ്ടായി: ''ഈ കവറിടത്തിൽ അടക്കപ്പെട്ടിരിക്കുന്ന ചേന്നൻകരി

പള്ളി ഇടവകക്കാരൻ കര്യാക്കോസ് ദ്ദ് ത്തഹമ്മാ കന്തി ശാ_ എന്ന മലയാളത്തിൽ സ്ഥാപിക്കപ്പെട്ട കമ്മ. ദി. സഭയുടെ അടിസ്ഥാനക്കാരനും, പ്രിയോരും ആയ ഈ ദേഹം 1805_ാം കാലം കുംഭമാസം 8_ാംനു- പിറന്നു, 1832_ൽ മാന്നാനത്തു കൊവേന്തയിൽക്കൂടി. മല്പാനായി പഠിപ്പിച്ചതിൻെറ ശേഷം 1855_ാം കാലം ധനു 8_ാംനു- പറഞ്ഞൊപ്പ് ചെയ്തു. ഒന്നാമത്തെ പ്രിയോരായി നിയമിക്കപ്പെട്ടു. ഏറിയ അദ്ധ്വാനങ്ങളും ചെയ്തുവരുമ്പോൾ റോക്കോസിൻെറ ശപിക്കപ്പെട്ട ശീശ്മയുടെ കാലത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളിൻെറ സ്ഥാനത്തോടുകൂടെ ആത്മാവുകളുടെ രക്ഷക്കായി വളരെ പ്രയാസങ്ങളെ കഴിച്ചു. 1871_ാം കാലം മകരമാസം 3_ാംനു- കാലത്തു് $7\frac{1}{2}$ മണിക്കു കൂനമ്മാവു കൊവേന്തയിൽ തൻെറ മക്കളുടെ കണ്ണുനീരുകളുടെ ഇടയിൽ കൂദാശകളൊക്കെയും വിശേഷ ഭക്തിയോടുകൂടെ കൈക്കൊണ്ടു സാമാന്യമല്ലാത്ത ദൈവഭക്തിയുടെ അടയാളങ്ങളോടുകൂടെ തൻെറ അഴകുള്ള ആത്മാവിനെ താൻ ജീവിതകാലമൊക്കെയിലും സ്നേഹിച്ച നാഥൻെറ തൃക്കൈകളിൽ കയ്യാളിക്കയും ചെയ്തു.'' പ്രസ്തുത ആശ്രമം സുറിയാനിക്കാൎക്കു നഷ്ടപ്പെട്ടതോടുകൂടി 1889_ൽ പൂജ്യാവശിഷ്ടങ്ങൾ മാന്നാനത്തേയ്ക്കു മാററിസ്ഥാപിച്ചു.

## മരണാനന്തരം

''വിശുദ്ധനേ വിശുദ്ധനെ അറിയുകയുള്ളു'' എന്നൊരു ചൊല്ലുണ്ടു്. കര്യാക്കോസ് ഏലിയാസച്ചൻ കൂനമ്മാവിൽ ചെന്നതുമുതൽ അദ്ദേഹത്തിൻെറ കുമ്പസാരക്കാരനും ആത്മനിയന്താവുമായിരുന്ന ലെയോപോൾദ് മിഷ്യനറി, അദ്ദേഹത്തിൻെറ സുകൃതമാഹാത്മ്യത്തെ യഥാർഹം ഗ്രഹിക്കുകയും മതിക്കയും ചെയ്തിരുന്നു. ദൈവദാസൻ മരിച്ച ഉടനെ ഈ വന്ദ്യദേഹം പരേതൻ ഉപയോഗിച്ചിരുന്ന പല സാധനങ്ങളും അദ്ദേഹത്തിൻെറ മരണപത്രികയുടെ ഒരു പകൎപ്പോടുകൂടി പൂജ്യാവശിഷ്ടങ്ങൾ എന്ന

പോലെ ഓരോ ആശ്രമങ്ങൾക്കും പങ്കിട്ട് അയച്ചുകൊടുത്തു. പരേതനുപയോഗിച്ചിരുന്ന നിയമാവലി പുസ്തകം അവിടെ അന്നുണ്ടായിരുന്ന നവസന്യാസികൾക്ക് അദ്ദേഹം കൊടുത്തു. പ്രസ്തുത പുസ്തകം ഇന്നും അമ്പഴക്കാട്ടു നവസന്യാസ ഭവനത്തിൽ പൂജ്യതയോടെ സൂക്ഷിക്കപ്പെടുന്നു.

കൂടാതെ ദൈവദാസൻെറ ജീവചരിത്രവിവരണങ്ങൾ ശേഖരിച്ചു ഒരു പുസ്തകമായി കൂനമ്മാവുങ്കൽനിന്നും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അതോടുകൂടി താഴെപ്പറയുന്ന മരണജ്ഞാപകവും അച്ചടിച്ചു വിതരണം ചെയ്യപ്പെട്ടു.

പെ. ബ. കുരിയാക്കോസ് ഏലിയാസച്ചൻ

1871 മകരം 3-ാംനു- കൂനമ്മാവു ആശ്രമത്തിൽവച്ച് ഭാഗ്യമരണം പ്രാപിച്ചു.

''ഇദ്ദേഹം ചേന്ദങ്കരിപ്പള്ളി ഇടവക ചാവറ എന്ന ഗോത്രത്തിൽ 1805 പിറന്നു. വൈദികരുടെ ഗണത്തിൽ ചേന്ന് 1829 ഗുരുപ്പട്ടമേല്ക്കുയും, ധ്യാനംകൊണ്ടും ഉപദേശങ്ങളാലും ജനങ്ങളുടെ ആത്മരക്ഷക്കായി അധികം പ്രയത്നിക്കയും ചെയ്തു. മിശിഹാക്കു ഏറിയ ആത്മാവുകളെ നേടുകയും തൻെറ ശിഷ്യരായ ഏറിയ വൈദികരെ ഉത്തമന്മാരാക്കുകയും ചെയ്തു. 1855 ധനു 8-ാംനു- സന്യാസവ്രതമനുഷ്ഠിച്ചു. നവസഭയുടെ ശ്രേഷ്ഠനായി നിശ്ചയിക്കപ്പെട്ടു. ആത്മീയവും ലൌകികവുമായ കാര്യങ്ങളിൽ അതിനെ പ്രബലപ്പെടുത്തി. സകലക്കും സുകൃതദൃഷ്ടാന്തവും ഒരു ജ്ഞാനപിതാവും പാലകനുമായിരുന്നു. മേല്പട്ടക്കാരുടെ വലംകയ്യും ശീശ്മയെ തടുക്കുന്നതിനുള്ള ഒരു കരുവുമായിരുന്നു. മലങ്കര കത്തോലിക്കാക്കാക്ക് ഒരു അച്ചുകൂടം സ്ഥാപിച്ചതും വേദസംബന്ധമായ പുസ്തകങ്ങളെ പ്രസിദ്ധപ്പെടുത്തിയതും ഇദ്ദേഹമാണ്. കൊവേന്തകളും കന്യാസ്ത്രീമഠവും ഇദ്ദേഹത്താൽ പണിയിക്കപ്പെട്ടു. ദൈവം തൻെറ ഭക്തനിൽ സ്തുതിക്കപ്പെടട്ടെ.'' മറെറാരു പുണ്യശ്ലോകനായ മർസ്സിനോസ് മിഷനറി താനെഴുതിയ വി. അമ്മത്രേസ്യായുടെ ജീവചരിത്രം ദൈവദാസനാണു സമർപ്പിച്ചിരിക്കുന്നതു്. ഇതു താഴെ ഉദ്ധരിക്കുന്നു.

## സെറാഫഅമ്മ ഈശോയുടെ ത്രെസ്യാ എന്ന പുണ്യവാളത്തിയുടെ ചരിത്രസംക്ഷേപം

കേരളരാജ്യത്തിലെ അ: മാതാവിൻെറ ശുശ്രൂഷികളായ കർമ്മലീത്താ ദെസ്കാൾസു മൂന്നാം സഭക്കാരുടെ പ്രിയോരായിരിക്കുന്ന പെ. ബ: കുറിയാക്കോസ് ഏലിയാ അച്ചന്നു കാഴ്ചകൊടുക്കപ്പെട്ടത.

കർമ്മലീത്താ സഭയൊക്കെയുടേയും അലംകാരവും ദെസ്ക്കാൾസു സഭയുടെ ഗുരുനാഥയും മാതാവും ആയിരിക്കുന്ന സെറാഫസ്സുടത്ത അമ്മത്രേസ്യാ പുണ്യവാളത്തിയുടെ ഈ ചരിത്രസംക്ഷേപം എല്ലാ ന്യായങ്ങളാൽ തങ്ങൾ (കുരിയാക്കോസ് ഏലിയാസച്ചൻ) കുള്ളതായിരിക്കുന്നു. ഈ ശുദ്ധമാകപ്പെട്ട അമ്മയുടെനേരെ തങ്ങൾക്കുണ്ടായിരിക്കുന്ന വിശേഷപക്ഷവും വണക്കവും മക്കൾക്കടുത്ത പ്രിയവും ഈ അമ്മയുടെ നേരെയുള്ള വണക്കവും പക്ഷവും വർദ്ധിപ്പിക്കുന്നതിനും, പരപ്പിക്കുന്നതിനും തങ്ങൾക്കുള്ള ശുഷ്കാന്തിയും മതിയാകുന്ന ന്യായങ്ങൾ ആയിരുന്നാലും ഇവററകളുടെമേൽ മിണ്ടടങ്ങിക്കൊണ്ടു് എല്ലാവക്കും പ്രസിദ്ധമായിരിക്കുന്നതുകളെ മാത്രം ഇവിടെ ജ്ഞാപകപ്പെടുത്തുവാൻ ന്യായമായിരിക്കുന്നു. അതെന്തന്നാൽ നമ്മുടെ ശുദ്ധമാകപ്പെട്ട അമ്മ ഭൂമിയിങ്കൽ സഞ്ചരിച്ചിരുന്ന നാളുകളിൽ ഇന്ത്യാദേശത്തുകാരുടെ രക്ഷക്കുവേണ്ടി ചിന്തിയ കണ്ണുനീരുകൾ ഈ കേരളരാജ്യത്തിലും പൂണ്ണമായി ഫലിക്കുന്നതിന്ന സവ്വേശ്വരൻ നിശ്ചയിച്ച കാലം വന്നപ്പോൾ ഈ അമ്മയുടെ സങ്കേതം മഹാ എരിവോടുകൂടി നെടിയവനാരാ? ഈ സങ്കേതത്തിൽ കൂട്ടപ്പെടുന്നതിന്ന പിൻവാങ്ങാത്ത അപേക്ഷകളാൽ സാധിച്ചവനാരാ? ഈ ഭാഗ്യത്തിന്ന സംഗതിവന്ന നാൾ മുതൽ ഇന്നാൾവരേയും ഈ ശുദ്ധമാകപ്പെട്ട അമ്മക്കു സന്തോഷവും തൃപ്തിയും വരുവാൻ തക്കവണ്ണം ബഹുശുഷ്കാന്തിയോടുകൂടെ വേലചെയ്കയും ചെയ്യിക്കയും ചെയ്തവനാരാ? ഈ

ശുദ്ധമാകപ്പെട്ട അമ്മയുടെ മക്കളായിരിക്കുന്ന കേരളത്തി ലെ മൂന്നാം സഭക്കാര പിറന്ന ദിവസത്തിൽതന്നെ അവ രെ പിതാവായിട്ടും ഇടയനായിട്ടും തീററി വളൎത്തുന്നതി ന്ന ചുമതല ഏററവനാരാ? തങ്ങാംതന്നെ ആയിരിക്കു ന്നു. അപ്പഴോ ഉചിതമായ ന്യായങ്ങളാൽ തങ്ങാംക്കുള്ള തായിരിക്കുന്ന തങ്ങളുടെ ഹൃദയത്തിന്ന ഏററം ഇൻപമുള്ള ഈ കാഴ്ച നല്ലമനസ്സോടെ കൈക്കൊണ്ടു് ഇതിൻെറ വാ യനയാലുള്ള ഫലങ്ങാം അനുഭവിക്കുന്നതിന്ന തങ്ങളുടെ മക്കളായ സന്യാസികാംക്കും കൂടപ്പിറപ്പുകളായ കേരള ത്തിലെ സത്യവേദികാംക്കു എല്ലാവക്കും ഇടവരുത്തുവാ നും പാവി ആയ ഇനിക്കുവേണ്ടി അനുദിന അപേക്ഷ കളിൽ പ്രാത്ഥിപ്പാനും അപേക്ഷിച്ചുകൊണ്ടു നിറുത്തുന്നു.

എന്ന 1866 കാലം കന്നിമാസം 22 നു-

കമ്മെലീത്താ ദെസ്ക്കാംസു സഭയിലുംപ്പെട്ട മി സ്യൊനാരിമാരിൽ ഒരുത്തൻ (മർസ്സീനോസ്). ദൈവദാ സൻ ജീവിച്ചിരിക്കെ, അദ്ദേഹത്തെ വളരെ അടുത്തു അ റിഞ്ഞിട്ടുള്ള ഈ മിഷ്യനറിയുടെ മേൽഉദ്ധരിച്ച പ്രസ്താവ ന, അദ്ദേഹത്തിൻെറ ജീവിത വിശുദ്ധിയെപ്പററി, ദൈവ ദാസൻ ജീവിച്ചിരിക്കവെതന്നെ ഉണ്ടായിരുന്ന കീത്തി ക്കു നല്ല തെളിവാണു്. ദൈവദാസൻ മരിച്ചു് അധികം കഴിയുന്നതിനുമുമ്പു് ഈ മിഷനറിതന്നെ എഴുതി പ്രസി ദ്ധീകരിച്ച മലയാളത്തിലെ സത്യവേദചരിത്രം എന്ന പു സ്തകത്തിൽ 49_50, ലക്കങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതു് താഴെ ഉദ്ധരിക്കുന്നു.

## മലയാളത്തിലെ സത്യവേദചരിത്രം

By. Fr. Marcelline Missionari

49....''ആ കൊവേന്ത (മാന്നാനം) പട്ടാങ്ങയുള്ള സന്യാസിയാശ്രമമായിട്ടു സ്ഥാപിക്കപ്പെട്ടപ്പോാം സ ന്യാസിയാശ്രമത്തിൻെറ പ്രിയോരായി നിയമിക്കപ്പെട്ട വാൻ യോഗ്യനായി കണ്ടെത്തപ്പെട്ടവെന്ന ചെന്നങ്കെരി

പള്ളി ഇടവകക്കാരൻ അാംമ്മേനി പട്ടക്കാരനായിട്ട ചാവറ കുരിയാക്കോസെന്നും സന്ന്യാസിയായിട്ട കുരിയാക്കോസ് ദെസാന്തെലീയ എന്നും പേരുവിളിക്കപ്പെട്ട ദേഹമാകുന്നു. ഈ ദേഹംമാത്രം മാന്നാനത്തിലുണ്ടായ പുഷ്പമാകുന്നു. എന്നു വെച്ചാലും തോമ്മാമല്പാൻേറയും പോരുക്കരെ വലിയ അച്ചൻേറയും വേലകാംക്ക തക്കഫലം കിട്ടി എന്നു ന്യായമായിട്ട പറകയുമാം. എന്തുകൊണ്ടെന്നാൽ ആ രണ്ട കീൎത്തിപെട്ടവരു മരിച്ചതിൽ പിന്നെ നമ്മുടെ പ്രിയോരുതന്നെയും ഏക മല്പാനായിട്ട പട്ടസ്ഥത്തിനു വിളിക്കപ്പെട്ടവരെ പഠിന്നത്താലെയും നല്ല കണ്ടപഠിതചത്താലെയും നന്നാക്കുന്നതിനു ചെയ്ത ബുദ്ധിമുട്ടുകളെയും മലയാളത്തിനു വരുത്തിയ ഗുണങ്ങളേയും തൻേറ വാക്ക മധുരത്തോടുകൂടെ അവിടവിടെ പറഞ്ഞുവെന്ന പ്രസംഗങ്ങളാൽ, ആത്മാവുകാംക്ക ചെയ്ത ഉപകാരങ്ങളേയും നോക്കുമ്പോാം ഏറിയ നല്ല പട്ടക്കാരരിൽനിന്നു ഉണ്ടാകുവാൻ പാടുള്ള ഫലങ്ങാം ഉണ്ടായിയെന്നു പറവാൻ ന്യായം. എന്നാൽ ഈദേഹം മുൻ പറഞ്ഞതുപോലെ 1855_ാം കാലം സന്ന്യാസി ജീവിതവും, കമ്മലീത്താ മൂന്നാം സഭയുടെ ക്രമവും ആരംഭിച്ചപ്പോാം മാർ ബെൎന്നർദീനോസ് മെത്രാപ്പോലീത്താ ഈ കാര്യത്തിന്ന നിയമിച്ചയച്ച മിസ്യോനാരിമൂപ്പൻ പാദ്രിയുടെ കൈകളിൽ കിഴ്‌വഴക്കം, കന്ന്യാവ്രതം, അനുസരണതചം, എളിമ എന്ന നാലു പറഞ്ഞൊപ്പുകളെ ഒന്നാമത്തവനായിട്ടു ചെയ്തതിൻേറ ശേഷം, പറഞ്ഞൊപ്പു ചെയ്വാൻ ആസ്ഥമായിരുന്ന മററു പതിനൊന്നു പട്ടക്കാരുടെ പറഞ്ഞൊപ്പുകളെ പ്രിയോരെല്ലുയും ചെയ്തു.

50.... അന്നുമുതൽ 1871_ാം കാലം മകരമാസം ആരംഭിച്ചതുവരെ മാന്നാനത്തു മാർ യൌസേപ്പു പുണ്യവാളൻേറ ആശ്രമത്തിൻേറ തന്നെയല്ല പിന്നെയൊ അതിൻേറ ശേഷം ക്രമേണ സ്ഥാപിക്കപ്പെട്ടുവെന്ന കൂനമ്മാവു പിളൊമെനാ പുണ്യവാളത്തിയുടെ ആശ്രമത്തിൻേറയും വാഴക്കുളത്തിലെ കമ്മേലൊ ആശ്രമത്തിൻേറയും അഞ്ഞാട്ടുകരെ

എൽത്തുരുത്തു് പുളിങ്കുന്നു ആശ്രമങ്ങളുടെയും പൊതുപ്രിയോരായി വാണു. തൻെറ സന്യാസികളെ വിശേഷ പുണ്യമാതൃകയാലും, ഉയരുള്ള വിശ്വാസത്താലും, ധ്യാനത്തിൻേറയും സൽഭക്തിയുടേയും അരൂപിയാലും, ഇടവിടാതുള്ള വേലകളെ ചെയ്തുകൊണ്ടിട്ടും പഠിപ്പിച്ചു വരികയിൽ മെൽച്ചൊല്ലിയ ആണ്ടിൽ ഏറിയ മാസത്തേയ്ക്കു കഠിനമായ ദീനത്തെ വിശേഷ ക്ഷമയോടുകൂടി സഹിച്ചതിൻെറശേഷം മകരമാസം 3-ാം തീയതി നീതിമാന്മാരുടെ മരണത്താൽ പിളൊമെനാ പുണ്യവാളത്തിയുടെ ആശ്രമത്തിൽ വെച്ചു മരിക്കുകയും ചെയ്തു.''

---

**വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന ബെണ്ണർദീനോസ് മെത്രാപ്പോലിത്താ ദൈവദാസൻ കുരിയാക്കോസ് ഏലിയാസച്ചനെ മെത്രാനായി അഭിഷേകം ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടു് പ്രോപ്പഗാന്ത തിരുസ്സംഘത്തിനു 1861 ജൂൺ 15-ാം തീയതി അയച്ച കത്തു്.**

## പരിഭാഷ

''....മൂന്നാം സഭയിലെ വൈദികരിൽ എല്ലാംകൊണ്ടും പ്രമുഖനും മാതൃഭവനമായ പ്രധാനാശ്രമത്തിൻെറ പ്രിയോരും ഈ സഭ മുഴുവൻെറയും തലവനുമായ വന്ദ്യ ദേഹത്തെ, എൻെറ സഹമിഷ്യനറിമാരുടെ ഉപദേശം ആരാഞ്ഞശേഷം സുറിയാനിക്കാർക്കായുള്ള വികാരി ജനറാളായി ഞാൻ നിയമിച്ച വസ്തുത അവടെ അറിയിച്ചിട്ടുണ്ടല്ലോ. ഒരു പ്രതിസന്ധിഘട്ടത്തെ നേരിടേണ്ടിവന്നിരിക്കുന്ന ഇന്നത്തെ ചുററുപാടുകളിൽ, എൻെറ സഹപ്രവർത്തകരായ മിഷ്യനറിമാരുടെ ഉപദേശാനുസരണം, അ

ദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യുന്നതുതന്നെയും സമുചിതമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

''സാക്ഷാത്തായ ക്രൈസ്തവ ചൈതന്യമുള്ളവനും സുകൃത സമ്പന്നനും വളരെ വിവേകമതിയും വേദപുസ്തകത്തിൽ അഗാധ പാണ്ഡിത്യമുള്ളവനും, സുറിയാനിഭാഷാ വിശാരദനുമാണ് അദ്ദേഹം. ഇവിടെ മതഭിന്നതയുണ്ടാക്കിയവരും ബാഗ്ദാദിൽനിന്നു വന്നു കയറിയ ആ 'കയ്യേറ്റക്കാരനും' സകലതന്ത്രവും എല്ലാകൌശലവും പ്രയോഗിച്ചു നോക്കിയിട്ടും മിഷ്യനറി വൈദികരോടും കത്തോലിക്കാ മതത്തോടും പ. സിംഹാസനത്തോടുമുള്ള ഭക്തിയിലും വിശ്വസ്തതയിലും അചഞ്ചലമായി അദ്ദേഹം ഉറച്ചുനില്ക്കുകയാണു ചെയ്തതു്.

''മതഭിന്നതക്കാരുടെ ഉദ്ദേശങ്ങളോടു യോജിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ എല്ലാവരും തന്നെ അദ്ദേഹത്തെ അനുഗമിക്കുമായിരുന്നു. അത്ര വലിയ മതിപ്പും ബഹുമാനവും സകലർക്കും അദ്ദേഹത്തോടുണ്ടു്. അത്രയേറെയുണ്ടു് അദ്ദേഹത്തിൻെറ സ്വാധീനശക്തിയും.

''മെത്രാൻ സ്ഥാനത്തേയ്ക്കു ഞാൻ ശുപാർശചെയ്യുന്ന ഈ വന്ദ്യദേഹത്തിനു താദൃശമായ ജോലിക്കുവേണ്ട പരിജ്ഞാനം കുറവായിരിക്കാമെന്നതു് ശരി തന്നെ. പക്ഷേ അതു് എളുപ്പത്തിൽ പരിഹരിക്കാൻ സാധിക്കും. അദ്ദേഹം ഈ നാട്ടുകാരനും ഈദൃശസാഹചര്യങ്ങളിൽ ഒരു മെത്രാനുണ്ടായിരിക്കേണ്ട ഗുണലക്ഷണങ്ങൾ തികഞ്ഞതവനുമാണ്. അതിനും പുറമെ മുന്തിരിവള്ളിക്കു അതു കയറിപ്പടരുന്ന വൃക്ഷത്തിൻേറതെന്നപോലെ ഞങ്ങളുടെ (വികാരി അപ്പസ്തോലിക്കായുടേയും മിഷ്യനറിമാരുടേയും) താങ്ങും പിൻതുണയുമുള്ളതുകൊണ്ടും കൽദായ പാത്രിയർക്കീസിനോ അദ്ദേഹമയച്ച 'കയ്യേറ്റക്കാരനോ' കഴിയുന്നതിനേക്കാൾ നല്ലഫലങ്ങൾ അദ്ദേഹം പുറപ്പെടുവിക്കും: മാത്രമല്ല അദ്ദേഹം ഉത്തമനായ ഒരു വ്യക്തിയും വിവേകശാലിയും നല്ല കീഴ്വഴക്കമുള്ളവനും പ്രസംഗത്തിലും പരസ്നേഹകൃത്യങ്ങളിലും തീക്ഷ്ണതയുള്ളവനുമാണ്....

''എന്നുവരുകിലും ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. അമലോത്ഭവയായ കർമ്മലമാതാവിൻെറ മൂന്നാം സഭക്കാരുടെ പ്രിയോരായ ചാവറ കുര്യാക്കോസച്ചൻ എന്ന മേല്പറഞ്ഞ ദേഹം ''എളിമയുടെവ്രതം'' ചെയ്തിട്ടുള്ള ആളാണ്. അങ്ങനെ ഒരു വ്രതം ചെയ്തിട്ടില്ലാതിരുന്നാലും ഇപ്രകാരമൊരു പദവിയോ ജോലിയോ പ്രത്യേകമൊരു കല്പനകൂടാതെ അദ്ദേഹം സ്വീകരിക്കുകയില്ല. അദ്ദേഹത്തെ ഞാൻ വികാരി ജനറാളായി നിശ്ചയിച്ചപ്പോൾ ആ സ്ഥാനം സ്വീകരിക്കുന്നതിനു അങ്ങനെയൊരു കല്പന ഞാൻ കൊടുക്കേണ്ടിവന്നു....''

Scritture Originali 1862-66, originali della Ponenza Caldei- Malabar Feb. 1865·)

ഈ കത്ത് പ്രൊപ്പഗാന്ത തിരുസ്സംഘത്തിൻെറ അന്നത്തെ പ്രിഫെക്ട് കർദ്ദിനാൾ ബർണ്ണബോ പ. പിതാവ് 9-ാം പീയൂസ് മാർപ്പാപ്പാക്കു സമർപ്പിച്ചു. 1865 മാർച്ച് 6-ാം നു- സമ്മേളിച്ച കർദ്ദിനാളന്മാരുടെ പൂർണ്ണ സമ്മേളനം (Plenary Consistory) ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ മെത്രാനായി അഭിഷേകം ചെയ്യുന്നതിനു തീരുമാനിച്ചു. (Ref. lettere Decretti Col. II 1864-65. P. 419. V).

ദൈവദാസൻെറ പുണ്യകീർത്തിയെപ്പററി പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം വളർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ മദ്ധ്യസ്ഥതയാൽ പലക്കും പലതരത്തിലുള്ള അനുഗ്രഹങ്ങൾ ലഭിച്ചുവരുന്നു. അൽഫോൻസാമ്മയുടെ ജീവചരിത്രത്തിൽ ദൈവദാസൻെറ മദ്ധ്യസ്ഥസഹായങ്ങൾക്കു ലഭിച്ചിട്ടുള്ള സ്ഥാനം ഇതിനകം എങ്ങും പ്രസിദ്ധമായിട്ടുള്ളതാണല്ലോ.

ഈ പൂജ്യപിതാവിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടി പ. സിംഹാസനത്തിൻെറ നിർദ്ദേശാനുസരണം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനി ആരംഭിച്ചിരിക്കയാണ്. 1958 ജനുവരി 3-ാം തീയതി ഇതിനായിട്ടു ഒരു രൂപതാക്കമ്മീഷൻ നിയമിതമായി.

## നാമകരണത്തിനുവേണ്ടി ജപം

—:o:—

സ്നേഹംനിറഞ്ഞ ഈശോയേ, അങ്ങേ സ്തുതിക്കും തിരുസഭയുടെ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉതകുമെങ്കിൽ അങ്ങേ ദാസനായ കുറിയാക്കോസ് ഏലിയാസച്ചനെ വിശുദ്ധനെന്നു നാമകരണം ചെയ്യാൻ ഇടയാക്കണമെ.

നിത്യപിതാവേ, ഇന്നു ലോകത്തിൽ അപ്പിക്കപ്പെടുന്ന സകല ദിവ്യബലികളും ഈ കാര്യസാദ്ധ്യത്തിനായി പരിശുദ്ധ കന്യകാമറിയത്തിൻെറ വിമലഹൃദയംവഴി അങ്ങേയ്ക്കു ഞങ്ങരം കാഴ്ചവയ്ക്കുന്നു.

പരി. കർമ്മലമാതാവേ, വിശുദ്ധ യൗസേപ്പിതാവേ, കുറിയാക്കോസ് ഏലിയാസച്ചൻെറ മഹത്വീകരണത്തിനുവേണ്ടി പരിശുദ്ധ ത്രിത്വത്തിൻ മുമ്പാകെ മാദ്ധ്യസ്ഥം വഹിക്കണമെ.

ഇന്ത്യയുടെ അപ്പസ്തോലന്മാരായ വിശുദ്ധ തോമ്മാശ്ലീഹായെ, വിശുദ്ധ ഫ്രാൻസീസ് സേവിയറെ ഞങ്ങളുടെ ഈ അപേക്ഷയെ ദൈവസന്നിധിയിൽ സമപ്പിക്കേണമെ. ആമ്മേൻ 1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

### മദ്ധ്യസ്ഥപ്രാത്ഥന

ത്രീത്വൈകസർവ്വേശ്വരാ, ജീവിതകാലം മുഴുവനും ദൈവമഹത്വത്തിനും സ്വയവിശുദ്ധീകരണത്തിനും അയൽക്കാരുടെ ആത്മരക്ഷക്കുംവേണ്ടി അക്ഷീണം യത്നിച്ച അങ്ങേ ദാസനായ കുറിയാക്കോസ് ഏലിയാസച്ചൻെറ വിശുദ്ധിയും അങ്ങേ പക്കലുള്ള മാദ്ധ്യസ്ഥശക്തിയും സവിശേഷം തെളിഞ്ഞുകാണുമാറ് അദ്ദേഹം വഴിയായി ഇപ്പോരം ഞങ്ങരം ആഗ്രഹിച്ചപേക്ഷിക്കുന്നതും ഞങ്ങരംക്കേററം ആവശ്യമായതുമായ ഈ (ഇന്ന) അനുഗ്രഹം ഞങ്ങരംക്കു നൽകുമാറാകണമെന്ന് ഏററം വലിയ ശരണത്തോടെ ഞങ്ങരം യാചിക്കുന്നു,

1 സ്വർഗ്ഗ. 1 ന. 1 ത്രി.

## Bibliography

താഴെ പേരു പറയപ്പെടുന്നവ ഈ പുസ്തകം രചിക്കു ന്നതിനു് സഹായകമായിട്ടുണ്ടെന്നു് കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു:


1 ക. നി. മൂ. സഭയുടെ ചരിത്രസംക്ഷേപം
By Fr. Bernard of S. Thomas

2 മാർത്തോമ്മാ ക്രിസ്ത്യാനികൾ ,,

3 കർമ്മയോഗി
By Prof. P. T. Thomas M. A.

4 ക. നി. മൂ. സ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ By Fr. Jos Mathias C. D.

5 Eastern Christanity in India
By E. Cardinal Tisserent

6 സെറാഫ അമ്മ ഈശോയുടെ ത്രേസ്യാ
By Dr. Marcelline O. C. D.

7 ആത്മാനുതാപം
By Fr. Kuriackose Elias

8 നല്ല അപ്പന്റെ ചാവരുൾ ,,

9 ധ്യാനസല്ലാപങ്ങൾ ,,


10 a. മാന്നാനം കൊവേന്തയിൽ സൂക്ഷിക്കുന്ന പ. സിംഹാസനത്തിൽ നിന്നുള്ള എഴുത്തുകളുടെ ഫയൽ 4, 7, 28, A. B. C. D.

b. മെത്രാന്മാരിൽനിന്നുള്ള എഴുത്തുകുത്തുകളുടെ ഫയൽ 4. A. B.

c. കൊച്ചുചാണ്ടിയച്ചന്റെ എഴുത്തുകളുടെ ശേഖരം.


---


Printed and Published For the Proprietor by Rev. Fr. Joseph Mathew C. M. I. at the St. Joseph's Press Mannanam, 1981.



ദൈവദാസനായ

# കര്യാക്കോസ് ഏലിയാസച്ചൻ

(ഒരു സംക്ഷിപ്ത ജീവചരിത്രം)

വില 1 രൂപ.

Indic Digital Archive Foundation
gpura.org